# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറോപ്പട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി13-1914/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 21/11/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുരോപ്പട ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുരോപട ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുരോപ്പട ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി13-1914/2024 തീയ്യതി: 21/11/2024

## കോട്ടയം ജില്ലയിലെ കുറോപ്പട ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കുറോപ്പട ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2023 മുതൽ 30-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ | 22-10-2024 | 30-10-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-10-2024 | 30-10-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ വി ജി സജിമോൻ , ഓഡിറ്റ് ഓഫീസർ

ശ്രീമതി അമ്പിളി എം , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ആൽബിൻ സിറിയക്, സീനിയർ ഗ്രേഡ് ഓഡിറ്റർ

സിനിമോൾ ഏബ്രഹാം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സജി പി.റ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-08-2023 | 10-09-2023 |
| ശ്രീമതി എസ് സുനിമോൾ | സെക്രട്ടറി | 11-09-2023 | 16-03-2024 |
| ശ്രീ സജി പി.റ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-03-2024 | 31-03-2024 |
| ശ്രീമതി സോണിയ പി മാത്യു | സെക്രട്ടറി | 01-04-2023 | 31-07-2023 |
| ശ്രീമതി ഷീലാ ചെറിയാൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സജി പി.റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി സോണി മാത്യു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 10-07-2023 |
| ശ്രീ അലക്സ് ജോർജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ഇൻചാർജ്) | 11-07-2023 | 14-07-2023 |
| ശ്രീ രാജേഷ് റ്റി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15-07-2023 | 31-03-2024 |
| ശ്രീ അലക്സ് ജോർജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ധന്യ കെ ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 27-03-2024 |
| ശ്രീമതി ഷെറിൻ അമ്പിളി ജെയിംസ് | അസിസ്റ്റന്റ് എഞ്ചിനീയർ( ഇൻചാർജ്) | 28-03-2024 | 31-03-2024 |
| ഡോ.ജേക്കബ് പി ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2023 | 02-07-2023 |
| ശ്രീമതി സുജ ജോൺ | വെറ്ററിനറി സർജൻ (അഡി. ചാർജ്) | 03-07-2023 | 31-03-2024 |
| ശ്രീമതി സൂര്യമോൾ റ്റി ആർ | കൃഷി ഓഫീസർ | 01-04-2023 | 17-11-2023 |
| ശ്രീമതി സുജിത പി എസ് | കൃഷി ഓഫീസർ | 18-11-2023 | 31-03-2024 |
| ശ്രീമതി സുനിതാകുമാരി റ്റി. ഡി | ഹെഡ്മിസ്ട്രസ്സ് | 01-04-2023 | 31-03-2024 |
| ഡോ.ബിന്ദു എസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2023 | 31-03-2024 |
| ഡോ ജോർജ്ജീന സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2023 | 17-06-2023 |
| ഡോ.തസ്നി ഹാഷിം | മെഡിക്കൽ ഓഫീസർ ചാർജ് | 18-06-2023 | 30-06-2023 |
| ഡോ.റ്റീന ചിന്നു തോമസ് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-07-2023 | 31-03-2024 |
| ഡോ. ചാമിനി ചന്ദ്രൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| ശ്രീമതി പ്രീതി സി | ഫിഷറീസ് ഓഫീസർ | 01-04-2023 | 29-05-2023 |
| ശ്രീമതി ശ്യാമ ധരൻ | ഫിഷറീസ് ഓഫീസർ | 30-05-2023 | 15-02-2024 |

| | | | |
|---|---|---|---|
| ശ്രീ സനീഷ് | ഫിഷറീസ് ഓഫീസർ | 16-02-2024 | 27-03-2024 |
| ശ്രീമതി ഐശ്വര്യ സലി | ഫിഷറീസ് ഓഫീസർ | 27-03-2024 | 31-03-2024 |
| ശ്രീ അഖിൽ ദേവ് എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി അഞ്ജു തോമസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല | 1-1-3 |
| 5 | Capital Work In Progress കണക്കുകൾ കൃത്യമായി തയ്യാറാക്കിയിട്ടില്ല | 1-1-4 |
| 6 | വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ ഋണശീർഷ കണക്കുകളിൽ നിലനിർത്തുന്നു | 1-1-6 |
| 8 | സർക്കാരിലേക്കും മറ്റു സ്ഥാപനങ്ങളിലേക്കും ക്രമീകരിക്കേണ്ട തുകകൾ നിലനിർത്തുന്നു | 1-1-7 |
| 9 | നിർവഹണ ഏജൻസികൾക്ക് കൈമാറിയ തുകകൾ യഥാവിധി ക്രമീകരിക്കുന്നില്ല | 1-1-8 |
| 10 | റവന്യൂ കുടിശ്ശികയ്ക്ക് പ്രൊവിഷൻ നൽകിയിട്ടില്ല | 1-1-9 |
| 11 | ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്ന് ക്രമീകരിച്ച കാലിവീപ്പ വില യഥാവിധി ക്രമീകരിച്ചില്ല | 1-1-10 |
| 12 | റവന്യൂ കുടിശ്ശിക എഴുതിത്തള്ളിയെങ്കിലും അതിന്റെ വിശദാംശങ്ങളടങ്ങിയ പത്രിക ലഭ്യമല്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | വാർഷിക പദ്ധതി അവലോകനം. | 1-5 |
| 17 | ഗ്രാന്റ് വിനിയോഗത്തിലെ പുരോഗതി അഭിനന്ദനാർഹം | 1-5-1 |
| 18 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സുവർണാവസരം പാഴാക്കി | 1-11 |
| 24 | ബാങ്ക് ബുക്ക്-പാസ്സ്ബുക്ക് പ്രതിമാസ പൊരുത്തപ്പെടുത്തലുകളിലെ അപാകതകൾ | 1-12 |
| 25 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കിയില്ല | 1-13 |
| 26 | മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി വർദ്ധനവ് ബാധകമാക്കിയിട്ടില്ല | 1-14 |
| 27 | ഒരേ കെട്ടിടത്തിന്റെ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതി നഷ്ടം | 1-15 |
| 28 | കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി ഒരേ റോഡ് തന്നെ വ്യത്യസ്ത രീതിയിൽ പരിഗണിച്ചു | 1-16 |
| 29 | തൊഴിൽനികുതി പിരിവിലെ അപാകതകൾ | 1-17 |
| 30 | ജീവനക്കാരുടെ തൊഴിൽ നികുതി- കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1- 18 |
| 31 | IFTE&OS ലൈസൻസ് അനുവദിക്കുന്നതിലും ഫീസ് ഈടാക്കുന്നതിലുമുള്ള അപാകതകൾ | 1-19 |
| 32 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു | 1-20 |
| 33 | ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടകനിരക്കിന് ആനുപാതികമായി സെക്യൂരിറ്റി നിക്ഷേപം ഒടുക്കുന്നില്ല | 1-21 |
| 34 | ശവദാഹപ്പെട്ടി ലേലം ചെയ്യാൻ നടപടികളായില്ല | 1-22 |
| 35 | ഓൺലൈൻ ഇടപാടുകൾക്കുള്ള പലിശരഹിത അക്കൗണ്ടിൽ വൻ തുക ശേഷിക്കുന്നു | 1-23 |
| 36 | ടാറിംഗ് പ്രവൃത്തികൾ -ഈടാക്കിയ കാലിവീപ്പവില യഥാവിധി ക്രമീകരിച്ചില്ല | 1-24 |

| | | |
|---|---|---|
| 37 | അഗതി രഹിത കേരളം പദ്ധതിക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ വൻതുക അവശേഷിക്കുന്നു. | 1-25 |
| 38 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-26 |
| 39 | കോവിഡ് ദുരിതാശ്വാസനിധി സംഭാവന ഋണശീർഷ കണക്കിൽ നിലനിർത്തുന്നു | 1-27 |
| 40 | കിഴങ്ങ് വിള വിതരണം പദ്ധതി- ബിൽ ബുക്കിലെയും സുലേഖ പത്രികയിലെയും ചെലവുകൾ പൊരുത്തപ്പെടുന്നില്ല | 1-28 |
| 41 | മെൻസ്ട്രൂൽ കപ്പ് വിതരണ പദ്ധതി- പദ്ധതി നടത്തിപ്പിൽ അപാകതകൾ | 1- 29 |
| 42 | പരിശോധനാ കിറ്റുകൾ വാങ്ങൽ -ടെണ്ടർ നടപടി ക്രമങ്ങൾ പാലിച്ചില്ല | 1-30 |
| 43 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ –വിതരണ ഏജൻസി ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല | 1-31 |
| 44 | കോക്ലിയാർ ഇംപ്ളാന്റേഷൻ ഉപകരണങ്ങളുടെ നവീകരണം - വിനിയോഗശേഷമുള്ള തുക ഏജൻസിയുടെ പക്കൽ ശേഷിക്കുന്നു | 1-32 |
| 45 | ഭവന പുനരുദ്ധാരണം- ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ പുനരുദ്ധാരണപ്രവൃത്തികൾ പൂർത്തിയാക്കിയില്ല | 1-33 |
| 46 | ലൈഫ് ഭവന പദ്ധതി- ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | 1-34 |
| 47 | മാലിന്യ സംസ്കരണം-ബിന്നുകൾ വിതരണം ചെയ്ത രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല | 1-35 |
| 48 | കുഴൽ കിണർ നിർമ്മാണം അനുബന്ധ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-36 |
| 49 | 100% പിരിവ് പൂർത്തീകരിച്ച വാർഡുകളിലേയ്ക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ - അപാകതകൾ | 1-37 |
| 50 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ - പ്രോജക്ട് ഫയൽ സമഗ്രമാക്കി സൂക്ഷിക്കുന്നില്ല | 1-38 |
| 51 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും - പൂർണ്ണമായ വിശദാംശങ്ങൾ ലഭ്യമായില്ല | 1-39 |
| 52 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവ് - കുടിശ്ശിക ക്രമീകരിയ്ക്കാൻ നടപടികളായില്ല | 1-40 |
| 53 | പഠന മുറി നിർമ്മാണം - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-41 |
| 54 | സിവിൽ മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-42 |
| 55 | പഞ്ചായത്ത് ഹെൽപ്പ് ഡെസ്ക് പദ്ധതി- അപാകതകൾ | 1-43 |
| 56 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകിയത് സാധൂകരിച്ചിട്ടില്ല | 1-44 |
| 57 | താറുമാറായ ഗ്രാമീണ റോഡുകൾ പൂർവസ്ഥിതിയിലാക്കാൻ നടപടികളായില്ല | 1-45 |
| 58 | വിഷയാധിഷ്ഠിത അവലോകനം - ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ | 1-46 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ ഈടാക്കിയ തുകയുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കുരോപ്പട ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28.05.2024-ലെ I(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 24.06.2024-ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുരോപട ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രിക 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി: 21.11.2024** **ഡെപ്യൂട്ടി ഡയറക്ടർ**

**1-1-1 ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല**

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-78 പ്രകാരമുള്ള പഞ്ചായത്ത് ജനറൽ ഫണ്ട് മൂല്യം വ്യക്തമാക്കുന്ന രേഖകളും 31/03/2024 വരെയുള്ള ആകെ ജനറൽ ഫണ്ട് കണക്കാക്കിയതിന്റെ വിശദാംശവും ലഭ്യമല്ല. 2011-12 മുതൽ 2022-23 വരെ Excess Of Income Over Expenditure കണക്കാക്കിയ രേഖകളും 2023-24 ലെ അറ്റ പ്രവർത്തനമിച്ചം ക്യാരി ഓവർ ചെയ്തതിന്റെ രേഖകളും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. ആകയാൽ ഗ്രാമപഞ്ചായത്തിന്റെ 31/03/2024-ലെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല.

**1-1-2 മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല**

മൂലധന വകയിരുത്തൽ (Capital Contribution) ശീർഷകത്തിലെ മുന്നിരിപ്പിന്റെ വിശദാംശം 2011-12 മുതൽ 2022-23 വരെയുള്ളത് ഫണ്ട് തിരിച്ചും സാമ്പത്തിക വർഷം തിരിച്ചും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആകയാൽ സൃഷ്ടിക്കപ്പെട്ട മൂലധന ആസ്തികൾക്ക് ആനുപാതികമായാണ് ഫണ്ടുകളുടെ വകയിരുത്തൽ എന്ന് സ്ഥിരീകരിക്കാനാവില്ല.

**1-1-3 മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല**

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യപത്രികയിൽ നൽകിയിട്ടുള്ള മൂലധന ആസ്തികളുടെയും അവയുടെ മൂല്യശോഷണത്തിന്റെയും കണക്കുകൾ കൃത്യമല്ല.

**1-1-4 Capital Work In Progress കണക്കുകൾ കൃത്യമായി തയ്യാറാക്കിയിട്ടില്ല**

പ്രസ്തുത ഇനത്തിൽ B-11(b) പട്ടികയിൽ ₹265678/- നിലനിർത്തിയിട്ടുണ്ട്. ഇത് സാംഖ്യ സമ്പ്രദായത്തിൽനിന്ന് ILGMS-ലേക്ക് മാറിയ സന്ദർഭത്തിൽ ജേണൽ വൗച്ചർ മുഖേന നിലനിർത്തിയ തുകയാണ്. പാർട്ട് ബില്ലിന്റെ വിവരങ്ങൾ കൃത്യമായി നിർണയിച്ച് അവ മൂലധനക്കണക്കുകളിലേക്ക് ഇനിയും ക്രമീകരിച്ചിട്ടില്ല. കൂടാതെ തൻവർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകളും ഈയിനത്തിൽ വർഗ്ഗീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**1-1-5 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

അക്രു ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. പ്രധാന വരവിനങ്ങൾക്ക് 22.09.2023, 31.03.2024 എന്നീ തീയതികളിലാണ് അക്രൂവൽ എൻട്രികൾ നൽകിയിട്ടുള്ളത്. അതോടൊപ്പം മുൻവർഷം മുൻകൂറായി ഈടാക്കിയ വരവിനങ്ങൾ തൻവർഷ വരവിലേക്ക് ജേണൽ വൗച്ചർ മുഖേന ക്രമീകരിച്ചിട്ടുമില്ല.

**1-1-6 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ ഋണശീർഷ കണക്കുകളിൽ നിലനിർത്തുന്നു**

മൂന്നു വർഷ കാലാവധി അവസാനിച്ച നിക്ഷേപങ്ങൾ അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്നപക്ഷം അവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ പ്രസ്തുത കാലാവധി കഴിഞ്ഞവ ധനകാര്യപത്രികയുടെ ബി-7 പട്ടികയിൽ നിലനിർത്തിയിട്ടുണ്ട്.

**1-1-7 സർക്കാരിലേക്കും മറ്റു സ്ഥാപനങ്ങളിലേക്കും ക്രമീകരിക്കേണ്ട തുകകൾ നിലനിർത്തുന്നു**

സർക്കാരിലേക്കും മറ്റു സ്ഥാപനങ്ങളിലേക്കും ഒടുക്കേണ്ട തുകകൾ യഥാവിധി ക്രമീകരിക്കാതെ ധനകാര്യപത്രികയുടെ ബി-9 പട്ടികയിൽ നിലനിർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കണക്കു ശീർഷകം | ഇനം | തുക |
|---|---|---|
| 350200119 | കോവിഡ് സംഭാവനകൾ | 148450 |

| | | |
|---|---|---|
| 350200299 | ഇനം വ്യക്തമല്ല | 50249 |
| 350300111 | ഫ്ലഡ് സെസ് | 212 |

**1-1-8 നിർവഹണ ഏജൻസികൾക്ക് കൈമാറിയ തുകകൾ യഥാവിധി ക്രമീകരിക്കുന്നില്ല**

വിവിധ നിർവഹണ ഏജൻസികൾക്ക് നിക്ഷേപ പ്രവൃത്തികൾക്കായി കൈമാറുന്ന തുകകൾ "മുൻകൂർ" എന്ന ഗണത്തിൽപ്പെടുത്തി ധനകാര്യപത്രികയുടെ ബി-18 പട്ടികയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. വർഷങ്ങൾക്കു മുൻപ് മുതൽ നിക്ഷേപിച്ച തുകകളാണ് നിലവിൽ പ്രസ്തുത പട്ടികയിൽ പ്രതിഫലിക്കുന്നത്. അവ യഥാവിധി വിനിയോഗിച്ചതായ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി മൂലധനക്കണക്കുകളിൽ ഉൾപ്പെടുത്താത്തതിനാൽ ക്രമീകരിക്കാൻ ശേഷിക്കുന്ന തുകകളുടെ ആധികാരികത സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല. അതോടൊപ്പം മൊബിലൈസേഷൻ അഡ്വാൻസ് എന്ന ശീർഷകത്തിൽ ₹200000/- പ്രസ്തുത പട്ടികയിൽ ക്രമീകരിക്കാൻ ശേഷിക്കുന്നതായി നിലനിർത്തിയിട്ടുണ്ട്. സാംഖ്യ സമ്പ്രദായ കാലയളവിലെ പ്രസ്തുത തുകയും ജേണൽ വൗച്ചർ മുഖേന ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

**1-1-9 റവന്യൂ കുടിശ്ശികയ്ക്ക് പ്രൊവിഷൻ നൽകിയിട്ടില്ല**

വസ്തു നികുതി, തൊഴിൽനികുതി എന്നീ വരവിനങ്ങളിൽ വർഷങ്ങളുടെ കുടിശ്ശികയുണ്ടെങ്കിലും അവയിൽ കാലഹരണപ്പെടാൻ സാധ്യതയുള്ളവയുടെ കണക്ക് കൃത്യമായി നിർണയിച്ച് B-15(a) പട്ടികയിൽ പ്രൊവിഷൻ നൽകിയിട്ടില്ല.

**1-1-10 ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്ന് ക്രമീകരിച്ച കാലിവീപ്പ വില യഥാവിധി ക്രമീകരിച്ചില്ല**

ടാറിംഗ് പ്രവൃത്തികളുടെ കരാറുകാരിൽ നിന്ന് വസൂലാക്കിയ കാലിവീപ്പകളുടെ വില പ്രോജക്ടിനു വേണ്ടി വകയിരുത്തിയ ഫണ്ടിന്റെ കണക്കു ശീർഷകത്തിലേക്ക് തിരികെ ക്രമീകരിക്കേണ്ടതാണെന്ന സർക്കാർ നിബന്ധന നിലനിൽക്കെ തൻവർഷം വസൂലാക്കിയ തുകകൾ തനതു ഫണ്ടിലേക്കുള്ള വരവായാണ് പരിഗണിച്ചിരിക്കുന്നത്. (പ്രസ്തുത തുക അയർക്കുന്നം സബ്ട്രഷറിയിലെ 799013000000770 നമ്പർ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യപ്പെട്ടത്).

**1-1-11 റവന്യൂ കുടിശ്ശിക എഴുതിത്തള്ളിയെങ്കിലും അതിന്റെ വിശദാംശങ്ങളടങ്ങിയ പത്രിക ലഭ്യമല്ല**

**ധനകാര്യ പത്രികയുടെ I-19 പട്ടിക പ്രകാരം വസ്തു നികുതി ഡിമാന്റിലെ ₹ 650403/- (താമസ ആവശ്യ കെട്ടിടങ്ങളുടെ ₹156537/- + വാണിജ്യ ആവശ്യ കെട്ടിടങ്ങളുടെ ₹493866/-) നീക്കം ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നിർണയിച്ച വർക്ക് ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആകയാൽ എഴുതിത്തള്ളിയ തുകയുടെ നിജസ്ഥിതിയും ആധികാരികതയും വ്യക്തമല്ല.**

**1-2 ബജറ്റ്**

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് അവതരണം, അംഗീകാരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തീരുമാന നമ്പർ /തീയതി |
|---|---|
| സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | I/തീ. 22.03.2022 |
| ഭരണസമിതി അംഗീകാരം | I(1)/തീ. 25.03.2022 |
| ബജറ്റ് പുതുക്കൽ | 3(1)/തീ. 30.01.2023 |

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 5021484 |

| | |
|---|---|
| വരവ് | 151554000 |
| ആകെ | 156575484 |
| ചെലവ് | 137235000 |
| നീക്കിയിരിപ്പ് | 19340484 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുശാസിക്കുംപ്രകാരമുള്ള സമയക്ലിപ്തതയും നടപടിക്രമങ്ങളും ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ പാലിച്ചിട്ടില്ല. മാർച്ച് 31 എന്ന സാങ്കേതിക തീയതിയുടെ പരിമിതി മറികടക്കുന്നതിന് സാധിച്ചിട്ടുണ്ടെങ്കിലും അതിനു മുൻപുള്ള ഒരുക്കങ്ങൾ പൂർണമായിരുന്നില്ല. നവംബർ മാസമുള്ള വിവരശേഖരണം, ജനവരി ആദ്യ വാരമുള്ള ബജറ്റ് അവതരണം എന്നിവ കലണ്ടർ പ്രകാരം നടന്നിട്ടില്ല.

തുടർന്നു വരുന്ന വർഷത്തെ വരുമാന വർദ്ധനവ്, ചെലവുകളിലെ സാമ്പത്തിക അച്ചടക്കം, കാര്യക്ഷമത എന്നിവ ഉറപ്പു വരുത്തുന്നതിന് ആധാരശിലയാകേണ്ട ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഓരോ വർഷവും പ്രസ്തുത അപാകതകൾ ചൂണ്ടിക്കാട്ടപ്പെടുന്നുവെങ്കിലും ക്രിയാത്മകമായി വിഷയത്തെ സമീപിക്കാത്ത നടപടി ഉചിതമല്ല. ആവശ്യമായ പരിഹാര നടപടികൾക്കായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ സജീവശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-3 സാമ്പത്തിക വിശകലനം

2023-24 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രികകളിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

**റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 30,384,096 |
| ഓഡിറ്റ് വർഷത്തെ വരവ് (Receipt) | 42,999,227 |
| ആകെ | 73,383,323 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (Payment) | 44,968,896 |
| നീക്കിയിരിപ്പ് | 28,414,427 |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം (Income) | 129,386,979 |
| ആകെ ചെലവ് (Expenditure) | 137,459,859 |
| വരുമാനനഷ്ടം (Gross Deficit) | (8,072,880) |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | (202,918) |
| അറ്റ പ്രവർത്തന നഷ്ടം | (8,275,798) |

**ഓഡിറ്റ് സംക്ഷിപ്തം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2736170/- രൂപ |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ എടുത്ത തുക/നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16586000 | 16586000 | 16219135 | 366865 | 97.78 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2712000 | 2712000 | 2712000 | 00 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 114000 | 114000 | 114000 | 00 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5524650 | 5524650 | 5524650 | 00 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4652600 | 4652600 | 3918212 | 734388 | 84 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied )* | 248563 | 2747000 + 162548 (Int) | 3158111 | 1781245 | 1376866 | 56.40 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied )** | 6126214 | 2060000 | 8186214 | 4938123 | 3248091 | 60.32 |
| ഹെൽത്ത് ഗ്രാന്റ് (Infrastructure) | | | | | 448382 | |
| ഹെൽത്ത് ഗ്രാന്റ്(PHC) | | | | | 199655 | |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 372997 | 1132861 + 16238 (Int) | 1522096 | 846013 | 676083 | 55.58 |
| ശുചിത്വമിഷൻ ഗ്രാന്റ് | 177218 | 00 | 177218 | 105000 | 72218 | 59.24 |
| സ്വച്ഛഭാരത് അഭിയാൻ | 0 | 1393434 | 1393434 | 1393434 | 00 | 100 |
| ലൈഫ് സംസ്ഥാന വിഹിതം | 260000 | 4400000 | 4660000 | 4220000 | 440000 | 90.55 |
| സാക്ഷരത | 3526 | 96 (Int) | 3622 | 00 | 3622 | 00 |

| | | | | | | |
|---|---|---|---|---|---|---|
| ആയുഷ് മിഷൻ ഗ്രാന്റ്- ഹോമിയോ ആശുപത്രി നിർമാണം | 00 | 500000 | 500000 | 00 | 500000 | 00 |
| ജൽജീവൻ മിഷൻ ഗ്രാന്റ് | 352707 | 10187 (Int) | 362894 | 00 | 362894 | 00 |
| ജലനിധി | 725435 | 19887 (Int) | 745322 | 00 | 745322 | 00 |
| കില ഗ്രാന്റ് | 00 | 15000 | 15000 | 00 | 15000 | 00 |

* , ** , + ILGMS /AFS പ്രകാരമുള്ള കണക്കുകൾ.

**ഗ്രാന്റ് വിനിയോഗ കണക്കുകളിലെ അപാകങ്ങൾ**

1) സ്ഥാപനം സാംഖ്യയിൽ തയ്യാറാക്കിയ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖയിൽ തയ്യാറാക്കിയ ഗ്രാന്റ് വിനിയോഗ പത്രിക എന്നിവയിൽ വിവിധ വിഭാഗം ഫണ്ടുകളുടെ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലും (അലോട്ട്മെന്റ്) ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം | സ്രോതസിൽനിന്ന് കുറവു ചെയ്ത തുക |
|---|---|---|
| വികസന ഫണ്ട്- ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1282391 |
| വികസന ഫണ്ട്- ജനറൽ | അങ്കണവാടി അധിക വേതനം | 1226400 |
| വികസന ഫണ്ട്- എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 380944 |
| വികസന ഫണ്ട്- ടി.എസ്.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 55799 |

2) തൻവർഷത്തെ ധനകാര്യപത്രിക പ്രകാരമുള്ള കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied And Untied Funds) ഇനത്തിലെ വരവു ചെലവുകൾ മേൽ പട്ടികയിൽ *, ** ചിഹ്നങ്ങൾ നൽകി നിർണയിച്ചിട്ടുള്ളത് കാണുക. ILGMS-ൽ തയ്യാറാക്കിയിട്ടുള്ള പ്രസ്തുത ഫണ്ടുകളുടെ ചെലവ് സാംഖ്യ, സുലേഖാ എന്നീ സോഫ്റ്റ്‌വെയറുകളിൽ തയ്യാറാക്കിയിട്ടുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. പി.എഫ്.എം.എസ്. മുഖേന തുക കൈമാറുന്നതിലുള്ള കാലതാമസമാണ് മുന്നിരിപ്പ്, ചെലവ് ഇനങ്ങളിലെ ഈ വ്യതിയാനങ്ങൾക്ക് കാരണമാകുന്നത്.

**1-5 വാർഷിക പദ്ധതി അവലോകനം.**

**(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 257 | 125034808 | 195 | 63788537 | 62 | 75.87 |

**നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം**

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 07 | 06 | 1862500 | 1230528 |
| വെറ്ററിനറി സർജൻ | 03 | 03 | 604000 | 602273 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 12 | 09 | 4442556 | 2777955 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 03 | 03 | 500000 | 481302 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 04 | 04 | 1670331 | 1670331 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 08 | 07 | 6341350 | 4365275 |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 45 | 35 | 13216210 | 9225902 |
| അസി. എഞ്ചിനീയർ | 123 | 88 | 36300985 | 19746070 |
| ഡയറി ഫാം ഇൻസ്പെക്ടർ | 02 | 02 | 3703280 | 2422659 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01 | 00 | 500000 | 00 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – 1 | 10 | 08 | 3837874 | 1849399 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – 2 | 16 | 13 | 48150640 | 16791610 |
| ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ് | 06 | 05 | 901182 | 851132 |
| അസി. സെക്രട്ടറി | 17 | 12 | 3003900 | 1774101 |
| ആകെ | 257 | 195 | 125034808 | 63788537 |

**പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ**

| ഇനം | തീരുമാന നം,/ തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | **05.01.2023** |

| | |
|---|---|
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 13.1.23, 15.1.23, 16.01.23, 17.01.2023 |
| വികസന സെമിനാർ | 22.02.2023 |
| വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 1(2)/ തീ. 11.03.2023 |
| ഭരണാനുമതി | 2(1)/ തീ. 15.03.2023 |
| ജില്ലാ ആസൂത്രണ സമിതി അംഗീകാരം (ഭേദഗതിയുൾപ്പടെയുള്ള അന്തിമ അംഗീകാരം) | 83898/23 /DPC/DPO/KTM തീ. 03.02.2024 |

**ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റു പ്രസക്ത വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു**

- ആവിഷ്കരിച്ച പ്രോജക്ടുകളിൽ 195 എണ്ണവും നടപ്പാക്കാൻ കഴിഞ്ഞു.
- ലഭ്യമായ ഗ്രാന്റ് തുകകളിൽ മികച്ച ചെലവു പുരോഗതി കൈവരിയ്ക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമായ നേട്ടം. വാർഷിക പദ്ധതി ഫണ്ട് വിനിയോഗത്തിൽ കോട്ടയം ജില്ലയിൽ മൂന്നാം സ്ഥാനമാണ് ഗ്രാമപഞ്ചായത്ത് നേടിയത്.
- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരെ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- കൃഷി-ക്ഷീരവികസന-മൃഗസംരക്ഷണ-സേവനമേഖലകളിൽ ആവർത്തന സ്വഭാവമുള്ളതെങ്കിലും ആവിഷ്കരിച്ച പ്രോജക്ടുകളിൽ മിക്കവയും നടപ്പാക്കി.
- ലൈഫ് ഭവന പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലെ ഗുണഭോക്താക്കളിൽ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ 5 പേർ കരാറനുസരിച്ച് ഗൃഹ നിർമാണം പൂർത്തീകരിച്ചിട്ടില്ല.
- ഗാർഹിക ജൈവമാലിന്യ സംസ്കരണം ലക്ഷ്യമിട്ട് വാങ്ങിയ ബയോബിന്നുകൾ ഇനിയും പൂർണമായി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല.
- നിക്ഷേപ പ്രവൃത്തികൾക്കായി നിർവഹണ ഏജൻസികൾക്ക് തുക കൈമാറുന്നതിൽ പദ്ധതി പ്രവർത്തനം അവസാനിപ്പിക്കുന്നു. നൽകിയ തുക ഫലപ്രദവും സമയബന്ധിതവുമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ നടപടികളില്ല. വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പൂർത്തീകരണ രേഖയില്ലാത്തതിനാൽ ദശലക്ഷക്കണക്കിനുള്ള തുക ക്രമീകരിക്കാനുള്ള മുൻകൂറിനത്തിൽ ശേഷിക്കുന്നു.
- അഗതിരഹിത കേരളം പദ്ധതി നടത്തിപ്പിൽ വേണ്ടത്ര പുരോഗതിയില്ല. ഇതിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ ദീർഘനാളുകളായി ലക്ഷക്കണക്കിനു രൂപ നീക്കിയിരിപ്പായി നിലനിർത്തുന്നു.

**1-5-1 ഗ്രാന്റ് വിനിയോഗത്തിലെ പുരോഗതി അഭിനന്ദനാർഹം**

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ പ്രതിവർഷ സഞ്ചിത നിധിയുടെ 40 ശതമാനത്തിനു തുല്യമായ തുക വാർഷിക പദ്ധതി ചെലവുകൾക്കും അനുബന്ധ ക്ഷേമ പ്രവർത്തനങ്ങൾക്കുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ വർഷവും അനുവദിക്കുന്നുണ്ട്. പ്രസ്തുത തുകകൾ സാമ്പത്തിക വർഷാവസാനം ലാപ്സാകാതെ പ്രത്യേക പി.ഡി അക്കൗണ്ടിൽ സൂക്ഷിച്ച് വിനിയോഗിക്കുവാൻ സർക്കാർ മുൻകാലങ്ങളിൽ അനുവദിച്ചിരുന്നു. എന്നാൽ ലഭ്യമായ തുക യഥാവിധി സമയബന്ധിതമായി വിനിയോഗിക്കാതെ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സ്വകാര്യ അക്കൗണ്ടുകളിൽ ദീർഘനാൾ മുതനിക്ഷേപമായി ശേഷിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ധനകാര്യവകുപ്പിന്റെ 21.03.2015-ലെ ജി.ഒ(എംഎസ്) 119/2015 നമ്പർ ഉത്തരവു പ്രകാരം പി.ഡി. അക്കൗണ്ട് സമ്പ്രദായം സർക്കാർ നിർത്തലാക്കുകയും സഞ്ചിത നിധിയിൽ

നിന്ന് അലോട്ട്മെന്റ് മുഖേന നേരിട്ട് പണം പിൻവലിക്കുന്ന രീതി നടപ്പിൽ വരുത്തുകയും ചെയ്തു. തന്മൂലം അലോട്ട്മെന്റ് തുകകൾ വിനിയോഗിക്കാത്ത പക്ഷം വർഷാവസാനം ലാപ്സാകുന്ന സ്ഥിതിവിശേഷം സംജാതമായി. എന്നാൽ സാമ്പത്തിക വർഷാവസാനം ട്രഷറി നിയന്ത്രണം പോലുള്ള പ്രതികൂല സാഹചര്യങ്ങൾ തുടർച്ചയായി നിലനിന്നതിനാൽ ബില്ല് തയ്യാറാക്കൽ വരെയുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചിട്ടും പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഗണ്യമായ തുകകൾ പിൻവലിയ്ക്കാൻ കഴിയാതെ വന്നു. സ്പിൽ ഓവറായി തുടരേണ്ടിവന്ന അത്തരം പ്രോജക്ടുകൾക്കുവേണ്ടി പുതിയ വർഷത്തെ അലോട്ട്മെന്റിൽ നിന്ന് തുക കണ്ടെത്തേണ്ടി വന്നതും വാർഷിക പദ്ധതി നിർവഹണ പ്രക്രിയ ഏറെ സങ്കീർണമാക്കി. ഇതിനൊരു പരിഹാരമെന്ന നിലയിൽ, വർഷാവസാനം ലാപ്സാകുന്ന ഗ്രാന്റ് തുകകളുടെ നിശ്ചിത ശതമാനം പുതിയ വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുന്ന വ്യവസ്ഥ ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ(എംഎസ്)79/2021 നമ്പർ ഉത്തരവിലൂടെ സർക്കാർ നടപ്പിൽ വരുത്തി.

പ്രസ്തുത ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. ചെലവു പരിധി 80 ശതമാനം കൈവരിയ്ക്കാത്ത സാഹചര്യത്തിൽ യഥാർത്ഥ ചെലവും 80ശതമാനവും തമ്മിലുള്ള വ്യത്യാസം (Total Allotment X 80% Actual Expenditure) ഷോർട് ഫോളായി പരിഗണിച്ച് തുടർന്നു വരുന്നതിന്റെ അടുത്ത സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽനിന്ന് കുറവു വരുത്തുന്നതാണ്. പദ്ധതി നിർവഹണ കലണ്ടർ പ്രകാരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലെ വീഴ്ചകൾ, സർക്കാരിന്റെ സാമ്പത്തികപ്രതിസന്ധി മൂലം ഫണ്ട് അലോട്ട്മെന്റിൽ വരുന്ന കാലതാമസം, സാമ്പത്തികവർഷത്തിലുടനീളം നിലനിൽക്കുന്ന ട്രഷറി നിയന്ത്രണം തുടങ്ങിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി ഭൂരിപക്ഷം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും തങ്ങൾക്ക് ലഭിക്കുന്ന ഫണ്ടുകൾ നഷ്ടപ്പെടുത്തുന്ന കാഴ്ചയാണ് പ്രായേണ കണ്ടു വരുന്നത്. അതിനൊരു അപവാദമെന്ന നിലയിൽ മികച്ച ആസൂത്രണത്തികവോടെ, ലഭ്യമായ ഫണ്ടുകൾ പൂർണമായോ, മികച്ച ശതമാനത്തോടെയോ ചെലവഴിക്കാൻ കുറോപ്പട ഗ്രാമപഞ്ചായത്തിന് തൻവർഷം കഴിഞ്ഞിട്ടുണ്ട്. ഓരോയിനത്തിലെയും ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഫണ്ട് | അലോട്ട്മെന്റ് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 16586000 | 16219135 | 97.78 |
| വികസന ഫണ്ട് (എസ്.സി.സി.പി) | 2712000 | 2712000 | 100 |
| വികസന ഫണ്ട് (ടി.എസ്.പി) | 114000 | 114000 | 100 |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 5524650 | 5524650 | 100 |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡിതരം) | 4652600 | 3918212 | 84 |

ഫണ്ട് വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിൽ മൂന്നാം സ്ഥാനം എന്ന അഭിമാനാർഹമായ നേട്ടം കൈവരിച്ചതിൽ ഭരണസമിതി, സെക്രട്ടറി ഉൾപ്പടെയുള്ള നിർവഹണ ഉദ്യോഗസ്ഥർ, പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച, ഗ്രാമപഞ്ചായത്തിലെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർ എന്നിവർ അഭിനന്ദനമർഹിക്കുന്നു. സമാന പ്രവർത്തനങ്ങൾ തുടർന്നുള്ള വർഷങ്ങളിലും ഉണ്ടാവേണ്ടതാണ്.

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ തൻവർഷ കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 512829 | 13201 (Int) | 526030 | 526030 | 00 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00 | 13077166 | 13077166 | 13077166 | 00 |

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 32017500 | 2981 |
| കർഷക തൊഴിലാളി പെൻഷൻ | 2415600 | 200 |
| വിധവ പെൻഷൻ | 9108900 | 854 |
| തൊഴിൽ രഹിത വേതനം | 4320 | 6 |
| വികലാംഗപെൻഷൻ | 3044500 | 272 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 517200 | 48 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കുരോപ്പട ഗ്രാമപഞ്ചായത്തിന്റെ 2023-24 ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 22.10.2024 തീയതിയിൽ 3.00 പി എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3626/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

പതിനേഴംഗ ഭരണസമിതി നിയന്ത്രിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടന താഴെ പട്ടികയിൽ പരാമർശിക്കുന്നു.

| തസ്തിക | എണ്ണം |
|---|---|
| സെക്രട്ടറി | 01 |
| അസി. സെക്രട്ടറി | 01 |
| ഹെഡ് ക്ലാർക്ക് | 01 |
| ഹെഡ് അക്കൗണ്ടന്റ് | 01 |
| സീനിയർക്ലാർക്ക് | 03 |
| ക്ലാർക്ക് | 06 |

| | |
|---|---|
| ഡ്രൈവർ | 01 |
| ഓഫീസ് അറ്റന്റന്റ് | 02 |
| പാർട് ടൈം സ്വീപ്പർ | 01 |

ഇതോടൊപ്പം കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ടെക്നിക്കൽ അസിസ്റ്റന്റ്, പ്രോജക്ട് അസിസ്റ്റന്റ്, ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഏകോപനത്തിന് നിയമിതമായ ജീവനക്കാർ, ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ആംബുലൻസ് ഡ്രൈവർ എന്നിവരും സേവനം അനുഷ്ഠിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. അതത് സമയങ്ങളിലെ ജോലികൾ നിർവഹിക്കുന്നതിനായി പ്രത്യേകമായും ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2. മിനിട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, മൂൻകൂർ രജിസ്ററർ, നിക്ഷേപ രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

3. അതത് മാസങ്ങളിലെ വരവു -ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ് , ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ 2024 സെപ്റ്റംബർ മാസം വരെ നടത്തിയിട്ടുമുണ്ട്.

4. തനതു വരുമാനസ്രോതസുകൾ സമയബന്ധിതമായി പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്. ലഭ്യമായ സ്രോതസുകൾ പരമാവധി ചൂഷണം ചെയ്ത് വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിന് വസ്തുനികുതി പരിഷ്കരണം പ്രയോജനപ്പെടുത്തിയില്ല. റവന്യൂ വരവും ചെലവും തമ്മിലുള്ള അന്തരം നാൾക്കുനാൾ വർദ്ധിക്കുന്നു. വർദ്ധിച്ചുവരുന്ന റവന്യൂ ചെലവുകൾക്കാനുപാതികമായി വരവു വർദ്ധിക്കാത്തതിനാൽ വൻ സാമ്പത്തിക പ്രതിസന്ധിയാണ് തുടർന്നുള്ള വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് അഭിമുഖീകരിക്കേണ്ടത്.

5. വസ്തു നികുതി തെറ്റായി നിർണയിക്കുക, ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്യുന്ന എല്ലാ വിഭാഗങ്ങളെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടു വരാതിരിക്കുക, കെ.എസ്.ഇ.ബിയുടെ വാടകക്കുടിശ്ശിക ഈടാക്കാൻ കഴിയാത്തത്, വ്യാപാര-സംരംഭക ലൈസൻസ് ഫീസ് കൃത്യമായ നിരക്കിൽ ഈടാക്കാതിരിക്കുക തുടങ്ങിയവയിലൂടെ വരുമാനച്ചോർച്ച സംഭവിച്ചു.

6. വസ്തു നികുതി ബാധകമാക്കേണ്ട സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നികുതിയിൽ ലക്ഷക്കണക്കിനു രൂപ കുടിശ്ശികയുണ്ടായിട്ടും അത് ഈടാക്കാൻ ശ്രമങ്ങളില്ല.

7. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം ഗ്രാന്റുകളിൽ കുറവു വരുത്തുന്നത് റവന്യൂ വരുമാനത്തിൽ വൻ പ്രതിസന്ധിയുണ്ടാക്കുന്നു. പൊതു ആവശ്യ ഗ്രാന്റിന്റെ മൂന്നു ഗഡുക്കളാണ് ഇത്തരത്തിൽ നഷ്ടമായത്. ആകെ നഷ്ടം 4286400/- രൂപ.

8. പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഓരോ മാസവും ഒന്നര ലക്ഷത്തോളം രൂപ ചെലവഴിക്കുന്നുണ്ട്. അതിന്റെ ആധികാരികത സംയുക്ത പരിശോധനയിലൂടെ ഉറപ്പാക്കാൻ നടപടികളില്ല.

9. ILGMS-ലൂടെയുള്ള ഭരണ നിർവഹണത്തിൽ പുരോഗതിയുണ്ട്.

10. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.

11. വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളിൽ മികച്ച ചെലവു പുരോഗതി കൈവരിക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമായ നേട്ടമാണ്.

12. മാലിന്യസംസ്കരണം ഹരിതകർമസേന മുഖേന നടപ്പാക്കി വരുന്നുണ്ട്. എം.സി.എഫ് കെട്ടിടം പ്രവർത്തനസജ്ജമായെങ്കിലും അതിൽ മെഷീനറി ഉൾപ്പടെ വേണ്ടതായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നു.

13. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലും മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിലും കാര്യക്ഷമത കൈവരിച്ചിട്ടുണ്ട്.

അഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ പരിഹരിച്ച് കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/07/2022,29/07/2022, 01/08/2022 | 01/2022 മുതൽ 03/2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04/07/2014 | 2009-10 മുതൽ 2013-14 വരെ | എൽ ബി എ (എച് ക്യൂ)/II/ 8 A - 2187/220 തീയതി 05.09.2014 |

## 1-11 റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സുവർണാവസരം പാഴാക്കി

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 203-ാം വകുപ്പ്, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2023-ലെ ജി.ഒ (എംഎസ്) 77/2023നമ്പർ ഉത്തരവ്, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 05.04.2023-ലെ ജി.ഒ(പി) 25/2023നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി ഗ്രാമപഞ്ചായത്തുകളിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 01.04.2023 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. തദനുസരണം കുരോപ്പട ഗ്രാമപഞ്ചായത്ത് 20.04.2023-ലെ 16(1)നമ്പർ ഭരണസമിതി തീരുമാനത്തിലൂടെ നികുതി പരിഷ്കരണത്തിനുള്ള വിജ്ഞാപനം പരസ്യപ്പെടുത്തുകയും തുടർന്ന് 09.10.2023-ലെ 3(1) നമ്പർ തീരുമാനപ്രകാരം നിരക്കുകൾ അന്തിമമാക്കുകയും ചെയ്തു.

കാർഷികമേഖലയ്ക്ക് ഊന്നൽ നൽകുന്നതും, വാണിജ്യ, വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം താരതമ്യേന കുറവുള്ളതുമായ ഭൂപ്രദേശമാണ് കുരോപ്പട ഗ്രാമപഞ്ചായത്ത്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന ഭാഗങ്ങൾക്കൊന്നും തന്നെ ഇതര വാണിജ്യ മേഖലകളുമായി ബന്ധമില്ലാത്തതുമാണ്. ഗ്രാമപഞ്ചായത്തിന്റെ ഒരതിരിൽക്കൂടി ദേശീയ പാത 183 കടന്നുപോകുന്നുവെങ്കിലും അത്തരം പ്രദേശങ്ങളിലൊന്നും വൻകിട കെട്ടിടനിർമാണങ്ങളോ വാണിജ്യ സംരംഭങ്ങളോ ഇല്ല. ആകയാൽ വളരെ പരിമിതമായ തനതു വിഭവസ്രോതസുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന് കൈമുതലായുള്ളത്. മേൽപരാമർശിച്ച സാഹചര്യങ്ങൾ നിലനിൽക്കുന്നതിനാൽ വൻതോതിലുള്ള വരുമാന വർധനവിന് അനതിവിദൂരഭാവിയിലും സാധ്യതയില്ലാത്തതാണ്. വസ്തു നികുതി, തൊഴിൽനികുതി, വിവിധയിനം

ഫീസുകൾ, വാടക തുടങ്ങിയവയാണ് പ്രധാന വരവിനങ്ങൾ. റവന്യൂ ചെലവുകളുടെ വർദ്ധനവിന് ആനുപാതികമായി വരുമാനം വർദ്ധിക്കാത്തതിനാൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് ഗ്രാമപഞ്ചായത്ത് കടന്നു പോകുന്നത്. സ്ഥിരം-കരാർ ജീവനക്കാരുടെ ശമ്പളം, ജനപ്രതിനിധികളുടെ ഓണറേറിയം, ബത്തകൾ, വാഹന പരിപാലനം, വൈദ്യുതി ചാർജ്, വെള്ളക്കരം, ടെലിഫോൺ-ഇന്റർനെറ്റ് ചാർജ്ജുകൾ, തുടങ്ങി ആവർത്തനച്ചെലവുകളിലെ എല്ലായിനങ്ങളിലും വൻവർദ്ധനവ് ഓരോ വർഷവും സംഭവിക്കുമ്പോഴും റവന്യൂ വരുമാനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. 2023-24 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ആസ്പദമാക്കിയുള്ള **റവന്യൂ വരുമാനത്തിന്റെ ഡിമാന്റ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| ഇനം | ഡിമാന്റ് തുക |
|---|---|
| വസ്തു നികുതി | 4636258 |
| തൊഴിൽനികുതി | 1660630 |
| വാടക | 170158 |
| ഫീസ് & യൂസർ ചാർജ് | 4179875 |
| വിൽപനകൾ, ലേലങ്ങൾ | 169875 |
| ബാങ്ക് പലിശ | 854800 |
| മറ്റു വരവുകൾ | 3480 |
| ആകെ റവന്യൂ വരവുകൾ | **11675076/-** |

**റവന്യൂ ചെലവുകൾ**

| ഇനം | ചെലവു തുക |
|---|---|
| എസ്റ്റാ. ചെലവുകൾ | 12611456 |
| ഭരണച്ചെലവുകൾ | 1426455 |
| നടത്തിപ്പ്-അറ്റകുറ്റപ്പണികൾ | 1072808 |
| ഒട്ടാകെ | 15110719 |
| വാർഷിക പദ്ധതിയ്ക്കായി തനതു ഫണ്ടിൽനിന്ന് ചെലവഴിച്ച തുക | 12725994 |
| ഒട്ടാകെ | **27836713/-** |

**തൻവർഷത്തെ വരവും ചെലവും തമ്മിലുള്ള അന്തരം =11675076 – 27836713 = (-)16161637**

തൻവർഷ റവന്യൂ വരവുകളും ചെലവുകളും തമ്മിൽ 1.62 കോടിയിലധികം രൂപയുടെ അന്തരമാണുള്ളത്. പൊതു ആവശ്യഗ്രാന്റായി 12859200/- രൂപ (1428800 X 9 ഗഡുക്കൾ) ലഭിച്ചതും, മുൻവർഷങ്ങളിലെ നീക്കിബാക്കി ഉണ്ടായിരുന്നതും മൂലമാണ് തൻവർഷത്തെ ചെലവുകൾ കടന്നുപോയതും റവന്യൂ കമ്മിയുടെ വ്യാപ്തം പ്രകടമാകാത്തതും. തനതു ഫണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതും വിനിയോഗിക്കാൻ ശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ കണക്കുകൾകൂടി മാറ്റി നിർത്തിയാൽ തൻവർഷത്തെ യഥാർത്ഥ തനതു വരുമാനത്തിന്റെ നീക്കി ബാക്കി വളരെ പരിമിതമാണ്. സർക്കാരിന്റെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി സമീപഭാവിയിൽ ഗ്രാമപഞ്ചായത്തിന്റെ ധനസ്ഥിതിയെയും സാരമായി ബാധിക്കുവാൻ സാധ്യതയുണ്ട്. പൊതു ആവശ്യ ഗ്രാന്റിന്റെ സാധാരണ ലഭ്യമാകുന്ന 12 ഗഡുക്കളിൽ 9 എണ്ണം മാത്രമാണ് തൻവർഷം അനുവദിക്കപ്പെട്ടതെന്ന വസ്തുത ഇതുമായി ചേർത്തു കാണേണ്ടതാണ്. (തൻവർഷം നഷ്ടമായത് ₹4286400/-(1428800 X 3) ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തങ്ങളുടെ തനതു വിഭവസ്രോതസുകൾ പരമാവധി ചൂഷണം ചെയ്ത് വരുമാനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുവാനും, അതുവഴി കാലാകാലങ്ങളിൽ ഗ്രാന്റുകളിലൂടെയും മറ്റും അനുവദിച്ചിരുന്ന ധനസഹായങ്ങളിൽ ക്രമേണ കുറവു വരുത്തുവാനുമാണ് സർക്കാർ വസ്തു നികുതി-കെട്ടിടനിർമാണ

പെർമിറ്റ് ഫീസ് പരിഷ്കരണ നടപടികൾക്ക് രൂപം നൽകിയത്.

കെട്ടിടനിർമാണ പെർമിറ്റ് ഫീസ് വർദ്ധനവിനുള്ള ശുപാർശ സർക്കാർ പകുതിയായി കുറവ് ചെയ്ത നടപടി ഗ്രാമപഞ്ചായത്തിന്റെ റവന്യു വരവിനെ ഒട്ടൊന്നുമല്ല ദോഷകരമായി ബാധിക്കുവാൻ പോകുന്നത്. ഫീസ് വർദ്ധനവു മൂലം തൻവർഷം കെട്ടിടനിർമാണം, ക്രമവത്ക്കരണം എന്നിവയ്ക്കുള്ള ഫീസായി 32 ലക്ഷത്തിലധികം ലഭിച്ചത് പാതിയിലേക്ക് പരിമിതപ്പെടുന്നത് ഏൽപ്പിക്കുന്ന ആഘാതം ഊഹിക്കാവുന്നതേയുള്ളു. (ഗ്രാമപഞ്ചായത്തിലെ പല ഭാഗങ്ങളിലും കെട്ടിടനിർമാണം വർദ്ധിക്കുന്നതിനാൽ പെർമിറ്റ് ഫീസ് സ്ഥിരതയുള്ള വരവായി പരിഗണിക്കാവുന്നതാണ്.) പ്രസ്തുത നഷ്ടം പരിഹരിക്കാൻ ഒരു പരിധിവരെ വസ്തുനികുതി പരിഷ്കരണം സഹായകരമായിരുന്നുവെന്നിരിക്കെ നാമമാത്ര നിരക്ക വർദ്ധനവിലൂടെ ഗ്രാമപഞ്ചായത്ത് അവസരം പാഴാക്കുകയാണ് ചെയ്തത്.

സർക്കാർ ഓരോ വിനിയോഗ ഗണത്തിനും നിശ്ചയിച്ച നിരക്കും ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളതും, പരിഷ്കരിച്ച നിരക്കും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ ഉപയോഗക്രമം | 2023-ൽ സർക്കാർ വിജ്ഞാപനം ചെയ്ത നിരക്കുകൾ (₹) | ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള നിരക്കുകൾ (₹) | 2023-ൽ ഗ്രാമപഞ്ചായത്ത്പുതുക്കിയ നിരക്കുകൾ(₹) |
|---|---|---|---|
| പാർപ്പിടാവശ്യത്തിനുള്ള 300 M2 വരെയുള്ളവ | 6-10 | 5 | 6 |
| പാർപ്പിടാവശ്യത്തിനുള്ള 300 M2 കവിയുന്നവ | 8-12 | - | 8 |
| വാണിജ്യം 100M2വരെ | 40-70 | 40 | 40 |
| വാണിജ്യം 100M2 -നു മുകളിൽ 500M2 വരെ | 60-80 | 50 | 60 |
| വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 6-10 | 5 | 6 |
| ആശുപത്രി | 20-30 | 7 | 20 |
| ഹോട്ടൽ -ലോഡ്ജ് -300M2 വരെ | 40-70 | - | 40 |
| ഹോട്ടൽ -ലോഡ്ജ് -300M2 കവിയുന്നവ | 55-75 | - | 55 |
| റിസോർട്ട് | 85-95 | 80 | 85 |
| പെട്ടിക്കടകൾ | 6-10 | - | 6 |
| മൊബൈൽ ഫോൺ ടവർ | 500-600 | 500 | 600 |
| ആയുർവേദ സുഖചികിത്സാലയം | 160-170 | - | 160 |

**ഗ്രാമപഞ്ചായത്തിലെ വിവിധ കെട്ടിടങ്ങളുടെ എണ്ണവും ഉപയോഗക്രമവും ചുവടെ ചേർക്കുന്നു.(സഞ്ചയ സോഫ്റ്റ്വെയറിൽ ക്രോഡീകരിച്ച വിവരങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ളത്).**

| കെട്ടിടത്തിന്റെ ഉപയോഗക്രമം | എണ്ണം |
|---|---|
| പാർപ്പിടാവശ്യത്തിനുളവ | 9175 |
| വാണിജ്യം 100M2വരെ | 699 |
| വാണിജ്യം 100M2 കവിയുന്നവ | 100 |
| വാണിജ്യം 200M2 കവിയുന്നവ | 23 |
| ബങ്കുകൾ, പെട്ടിക്കടകൾ | 11 |
| ഓഫീസ് ആവശ്യം | 44 |
| വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 16 |
| ആശുപത്രി | 09 |
| അസംബ്ലി , കൺവെൻഷൻ കെട്ടിങ്ങൾ | 04 |
| വ്യവസായ ആവശ്യം, കയർപിരി ഷെഡ് | 332 |
| മറ്റു വ്യവസായം | 50 |
| റിസോർട്ടുകൾ | 00 |
| മൊബൈൽ ടവറുകൾ | 12 |
| ഹോസ്റ്റലുകൾ | 11 |
| ആയുർവേദ സുഖ ചികിത്സാലയങ്ങൾ | 00 |
| കാർഷികാവശ്യം | 35 |
| ഒട്ടാകെ | 10521 * |

* സഞ്ചയിൽ ഓഡിറ്റ് തീയതി വരെ ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടുള്ള കണക്കുകൾ പ്രകാരം. ആകയാൽ 2023-24 സാമ്പത്തികവർഷം സപ്ലിമെന്ററിയായി നികുതി നിർണയിച്ച കെട്ടിടങ്ങൾ കൂടി പട്ടികയിൽ ഉൾപ്പെടുന്നു.

**നിലവിലെ വസ്തു നികുതി ഡിമാന്റും പുതുക്കിയ നികുതിയും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.**

| ഇനം | വസ്തുനികുതി ഡിമാന്റ്(2022-23-ലെ ഡിമാന്റ്) (ധനകാര്യപത്രിക പ്രകാരം) | 05% വർദ്ധിപ്പിക്കുമ്പോഴുള്ള 2023-24-ലെ ഡിമാന്റ്( പഴയ കെട്ടിടങ്ങൾക്ക്) | ആകെ വർദ്ധനവ് |
|---|---|---|---|
| പാർപ്പിടാവശ്യം | 2728316 | 2864731 | 136415 |
| പാർപ്പിടേതര ആവശ്യം | 1405911 | 1476206 | 70295 |
| ആകെ | 4134227 | 4340937 | 206710 |

പഴയ കെട്ടിടങ്ങൾക്ക് 01.04.2023 പ്രാബല്യത്തിൽ 05 % വർദ്ധനവ് നൽകി വസ്തു നികുതി സഞ്ചയയിൽ ക്രമീകരിച്ചിട്ടുണ്ട്. ഓരോ വർഷവും അഞ്ചു ശതമാനം വർധനവാണ് നികുതി പരിഷ്കരണ ഉത്തരവിൽ ശുപാർശ ചെയ്തിരുന്നതെങ്കിലും നികുതിദായകർക്ക് സർക്കാർ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 15.08.2024-ലെ ജി.ഒ(എംഎസ്) 106/2024 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച ഇളവു മൂലം (സാമ്പത്തിക വർഷത്തിന്റെ ആദ്യമാസം, അതായത് ഏപ്രിൽ 30-ാം തീയതിയ്ക്കകം ഒറ്റത്തവണയായി വാർഷിക വസ്തുനികുതി ഒടുക്കുന്ന വ്യക്തികൾക്ക് 5% വർദ്ധനവ് ബാധകമല്ല) ഗ്രാമപഞ്ചായത്തിന് നികുതിപരിഷ്കരണം കൊണ്ട് ഫലത്തിൽ യാതൊരു സാമ്പത്തികമെച്ചവും സിദ്ധിക്കുന്നതല്ല.

പുതുതായി നിർമിയ്ക്കപ്പെടുന്ന കെട്ടിടങ്ങൾക്കാണ് പുതുക്കിയ നിരക്കുകൾ ബാധകമാകുന്നത്. എന്നാൽ

ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം വാസഗൃഹങ്ങൾ 300 M2 വരെയും വാണിജ്യകെട്ടിടങ്ങൾ 100M2 വരെയുമുള്ള വിസ്തീർണ്ണ പരിധിയിൽ ഉൾപ്പെടുന്നതാണ്. നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഉപയോഗക്രമം അടിസ്ഥാനപ്പെടുത്തി സർക്കാർ വിജ്ഞാപനം ചെയ്ത സ്ലാബുകളിൽ ഏറ്റവും കുറഞ്ഞ നികുതി നിരക്ക മാത്രമാണ് (മൊബൈൽ ഫോൺ ടവറിന് ഒഴികെ) ഗ്രാമപഞ്ചായത്ത് അന്തിമമായി അംഗീകരിച്ചിട്ടുള്ളതെന്ന വസ്തുത മുകളിൽ നൽകിയിട്ടുള്ള പട്ടികയിൽ നിന്ന് വ്യക്തമാണ്. ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവുമധികം കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനാണ് നിർമിയ്ക്കപ്പെടുന്നത്. കുരോപ്പട ഗ്രാമപഞ്ചായത്തുമായി അതിര് പങ്കിടുന്ന ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ച അടിസ്ഥാന നിരക്കുകൾ ചുവടെ ചേർക്കുന്നു.
(കുരോപ്പട ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച നിരക്ക് :-₹6/-)

| ഗ്രാമപഞ്ചായത്തിന്റെ പേര് | പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ച അടിസ്ഥാന നികുതി നിരക്ക് |
|---|---|
| പള്ളിക്കത്തോട് | 08 |
| അകലക്കുന്നം | 07 |
| വാഴൂർ | 08 |
| പാമ്പാടി | 08 |

സർക്കാർ നിർദ്ദേശത്തിലൂടെ ഭേദപ്പെട്ട നികുതി വരുമാനം സാധ്യമാകുമായിരുന്നുവെന്നിരിയ്ക്കെ അതിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്താതിരുന്നതു മൂലം വരുമാനവർദ്ധനവിനുള്ള എല്ലാ സാധ്യതകളും അടയുകയാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യം സംരക്ഷിക്കുന്നതിനുള്ള സുവർണാവസരം പാഴാക്കിയ നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ അടിയന്തിര പരിഹാര നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ഭരണസമിതി, ഭരണവകുപ്പ് എന്നിവരുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-12 ബാങ്ക് ബുക്ക്-പാസ്സ്ബുക്ക് പ്രതിമാസ പൊരുത്തപ്പെടുത്തലുകളിലെ അപാകതകൾ**

ഗ്രാമപഞ്ചായത്ത് ഓൺലൈൻ പണമിടപാടുകൾ നടത്തുന്നത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കുരോപ്പട ശാഖയിലുള്ള ഇ-പേയ്മെന്റ് അക്കൗണ്ടിലൂടെയാണ്. (അക്കൗണ്ട് നമ്പർ. 67395664226). പ്രസ്തുത അക്കൗണ്ടിന്റെ 2024 സെപ്റ്റംബർ മാസം വരെയുള്ള ബാങ്ക് ബുക്ക്-പാസ്സ്ബുക്ക് പൊരുത്തപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്. പ്രതിമാസ പൊരുത്തപ്പെടുത്തൽ പത്രികകൾ പരിശോധിച്ചതിൽ ശ്രീ. ശിവൻകുട്ടി നായർ എന്ന വ്യക്തി വസ്തുനികുതിയിനത്തിൽ (വാർഡ് 4/കെട്ടിട നം.350/A) റെസിപ്റ്റ് നമ്പർ 6054311004362 പ്രകാരം 30/01/24 -ൽ ഓൺലൈനായി ഒടുക്കിയ 1776/- രൂപ (ബാങ്ക് റഫറൻസ് നം. 403000822954, IKM ട്രാൻസാക്ഷൻ ID 20240100212636) Cheque Deposited But Not Credited എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ഓൺലൈനായി ഒടുക്കുന്ന തുകകൾ പ്രാഥമികമായി ഇൻഫർമേഷൻ കേരള മിഷന്റെ (IKM) E-payment Gateway-യിൽ ലോഡ്ജ് ചെയ്തശേഷം നേരിട്ട് ഗ്രാമപഞ്ചായത്തിന്റെ ഓൺലൈൻ ഇടപാടുകൾക്കായി ആരംഭിച്ച അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുകയാണ് ചെയ്യുന്നത്. എന്നാൽ സാങ്കേതിക കാരണങ്ങളാൽ IKM പ്രസ്തുത തുക ബാങ്ക് അക്കൗണ്ടിലേക്ക് നാളിതുവരെ ക്രെഡിറ്റ് ചെയ്യാത്തതിനാലാണ് കണക്കുകളിൽ വ്യതിയാനം സംഭവിച്ചിട്ടുള്ളത്. മുൻവർഷത്തെ ഡിമാന്റിലുൾപ്പെട്ട നികുതി തുക പുതിയ സാമ്പത്തിക വർഷത്തെ ഒരു അർദ്ധവർഷം പിന്നിട്ടിട്ടും ലഭിക്കാത്ത സാഹചര്യം അംഗീകരിക്കാവുന്നതല്ല. വിഷയം IKM -ന്റെ ശ്രദ്ധയിൽപ്പെടുത്തി അപാകത അടിയന്തിരമായി പരിഹരിച്ച് രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-13 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കിയില്ല**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 (1)(ബി) വകുപ്പിന് 2023-ൽ വരുത്തിയ ഭേദഗതിയനുസരിച്ച്, (നിയമനിർമ്മാണ (എ) വകുപ്പിന്റെ 28.03.2023-ലെ 15(2)/ലെഗ്.എ2/2023 നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ച 2023-ലെ 2-ാം ഫിനാൻസ് ആക്ട്) "കേന്ദ്ര സർക്കാർ വകയോ, എയ്ഡഡോ, കേന്ദ്ര സർക്കാരിന്റെയോ, സംസ്ഥാന സർക്കാരിന്റെയോ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ വിദ്യാഭ്യാസ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഹോസ്റ്റൽ കെട്ടിടങ്ങളും" എന്ന വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങളെയുമാണ് വസ്തുനികുതിയിൽനിന്ന് ഒഴിവാക്കാവുന്നത്. കുറോപ്പട ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസ ആവശ്യത്തിനായി 5/ച.മീ. നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളായ സാന്റാ മരിയ പബ്ലിക് സ്കൂൾ, ക്ലൂണി പബ്ലിക് സ്കൂൾ, കേരള ക്രൈസ്റ്റ് ചർച്ച് മിഷൻ എന്നീ സ്ഥാപനങ്ങളുടെ വസ്തുനികുതി 2013 ഒന്നാം അർദ്ധ വർഷം മുതൽ കുടിശ്ശികയുള്ളതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമ | വിസ്തീർണ്ണം (ച.മീ.) | വർഷം | തുക |
|---|---|---|---|---|
| 160 | സാന്റാ മരിയ പബ്ലിക് സ്കൂൾ,കുറോപ്പട | 1000 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | 63802 രൂപ (സഞ്ചയ പ്രകാരം നിർണയിച്ച നികുതി) |
| 479 | ക്ലൂണി പബ്ലിക് സ്കൂൾ | 4503.7 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | 316088 (സഞ്ചയ പ്രകാരം നിർണയിച്ച നികുതി) |
| 63/A | കേരള ക്രൈസ്റ്റ് ചർച്ച് മിഷൻ | 1877.38 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | 125090 (സഞ്ചയ പ്രകാരം നിർണയിച്ച നികുതി) |

മേൽ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/28.10.2024) മറുപടിയായി മേൽ പരാമർശിച്ചിരിക്കുന്ന

സ്ഥാപനങ്ങൾ വസ്തുനികുതി ഈടാക്കുന്നതിനെതിരെ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാലാണ് നികുതി അടവാക്കാത്തതെന്ന് സെക്രട്ടറി അറിയിച്ചു. എന്നാൽ കേസുമായി ബന്ധപ്പെട്ട രേഖകളൊന്നും ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിലവിലില്ലായെന്നും ടി സ്ഥാപനങ്ങൾക്ക് വസ്തു നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകുന്നതാണെന്നും നികുതി അടവാക്കുന്ന മുറയ്ക്ക് പ്രസ്തുത വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നികുതി നിർണയ രേഖകൾ പ്രകാരം സാന്റാ മരിയാ സ്കൂളിന്റെ വിസ്തീർണം 1000 ച.മി ആണെങ്കിലും അതിലും വളരെയധികം അധികരിച്ച അളവിൽ നിർമാണം നടത്തിയിട്ടുള്ളതായി അസി. എൻജിനിയർ കെട്ടിടത്തിന്റെ ഫിറ്റ്നെസ് പരിശോധനാ വേളയിൽ കണ്ടെത്തിയ വിവരം സെക്രട്ടറിയെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. (16.10.2024-ലെ AE/125/2025 നമ്പർ കത്ത്). അനധികൃത കെട്ടിടനിർമാണം ക്രമവത്ക്കരിച്ച് നികുതി കുടിശ്ശികയുൾപ്പടെ ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

**1-14 മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി വർദ്ധനവ് ബാധകമാക്കിയിട്ടില്ല**

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6-ന കീഴിലുള്ള പട്ടിക-6 പ്രകാരം 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ളതും മേൽത്തരം തറ നിർമ്മിതിയുള്ളതുമായ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയുടെ 15% വർദ്ധനവ് കൂടി ചുമത്തിയാണ് നികുതി നിർണയം നടത്തേണ്ടത്. ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും, 250 ച.മീറ്ററിൽ കൂടുതൽ തറ വിസ്തൃതിയുള്ളതും, മേൽത്തരം സാമഗ്രികൾ (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്) ഉപയോഗിച്ച് തറ നിർമിച്ചിട്ടുള്ളതുമായ കെട്ടിടങ്ങളെ ഒന്നായി പരിഗണിക്കുന്നതിനുപകരം വിവിധ മുറികളായി വിഭജിച്ച് നമ്പർ നൽകിയതിനാൽ 15% വർദ്ധനവ് ബാധകമാകാതെ വരുന്നതായി സപ്ലിമെന്ററി അസസ്മെന്റ് ഡേറ്റാബേസ് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. അപ്രകാരം വർദ്ധനവ് ബാധകമാക്കാത്ത കെട്ടിടത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഉടമ /വാർഡ് നം | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ.) | കെട്ടിടത്തിന്റെ ഉപയോഗക്രമം | നികുതി നിർണ്ണയിച്ച തീയതി |
|---|---|---|---|---|---|
| 1 | സ്കറിയ പൈലിത്താനം വാർഡ് 4 | 500/N (സെല്ലാർ ) | 39.75 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റസ്റ്റോറന്റുകൾ ഷോപ്പുകൾ ഗോഡൗൺ | 5/6/23 |
| | | 500/G (താഴത്തെ നില) | 24 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റസ്റ്റോറന്റുകൾ ഷോപ്പുകൾ ഗോഡൗൺ | 7/6/23 |
| | | 500/H(താഴത്തെ നില) | 24 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റസ്റ്റോറന്റുകൾ ഷോപ്പുകൾ ഗോഡൗൺ | 7/6/23 |
| | | 500/J (താഴത്തെ നില) | 24 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റസ്റ്റോറന്റുകൾ ഷോപ്പുകൾ ഗോഡൗൺ | 7/6/23 |

| | | | | |
|---|---|---|---|---|
| | 500/K (താഴത്തെ നില) | 24 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റസ്റ്റോറന്റുകൾ ഷോപ്പുകൾ ഗോഡൗൺ | 7/6/23 |
| | 500/L (താഴത്തെ നില) | 24 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റസ്റ്റോറന്റുകൾ ഷോപ്പുകൾ ഗോഡൗൺ | 7/6/23 |
| | 500/L (താഴത്തെ നില) | 24 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റസ്റ്റോറന്റുകൾ ഷോപ്പുകൾ ഗോഡൗൺ | 7/6/23 |
| | 500/F (ഒന്നാം നില) | 188.75 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റസ്റ്റോറന്റുകൾ ഷോപ്പുകൾ ഗോഡൗൺ | 13/7/23 |
| **ആകെ** | | **372.5** | | |

ചട്ടപ്രകാരമുള്ള നികുതി വർദ്ധനവ് ബാധകമാകാത്തതിനാൽ ആകെ നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/29.10.24) സമർപ്പിച്ച മറുപടിയിൽ, സഞ്ചയ പ്യൂരിഫിക്കേഷന് വേണ്ടി ലഭ്യമാകുന്ന മുറയ്ക്ക് അപാകത പരിഹരിച്ച് തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയുടെ 15% വർദ്ധനവ് കൂടി ചുമത്തി നികുതി പുനർനിർണ്ണയം നടത്തി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

**1-15 ഒരേ കെട്ടിടത്തിന്റെ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതി നഷ്ടം**

തൻവർഷം വസ്തു നികുതി നിർണ്ണയിച്ച വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നഷ്ടം സംഭവിച്ചതായി കാണുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം, ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 40/- രൂപയും 100 ച.മീ. മുതൽ 500 ച.മീ. വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 60/- രൂപ നിരക്കിലുമാണ് നികുതി നിർണ്ണയിക്കേണ്ടത്.

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റസ്റ്റോറന്റുകൾ ഷോപ്പുകൾ ഗോഡൗൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കിൽ (40/ച.മീ.) നികുതി നിർണയിച്ചിട്ടുള്ളത് മൂലം വസ്തുനികുതിയിൽ നഷ്ടം സംഭവിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ പേര് | വാർഡ് നം/കെട്ടിട നം. | വിസ്തീർണ്ണം (ച.മീ.)+ | നിർണയിച്ച അടിസ്ഥാന വസ്തു നികുതി | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി | നികുതി നഷ്ടം | നികുതി നിർണയിച്ച തീയതി |
|---|---|---|---|---|---|---|---|
| 1 | സ്കറിയ പൈലിത്താനം | IV/ 500 N,G,H,J,K,L,M,F * | 372.5 | 14900 | 22350 | 7450 | 500N-5/6/23<br>500G-M 7/6/23<br>500F-13/7/23 |
| 2 | ബാലചന്ദ്രൻ നായർ | VII/ 2A,B,C,D,E | 150 | 6000 | 9000 | 3000 | 13/07/23 |
| 3 | മനോജ് ആനന്ദൻ | XII/ 297 B,C,D,E,F,G,H | 190.81 | 7633 | 11449 | 3816 | 03/01/24 |

( *ഇതേ കെട്ടിടങ്ങൾക്ക് തന്നെ മേൽത്തരം തറയുടെ അടിസ്ഥാനത്തിൽ അധികം ചുമത്തേണ്ട 15% നികുതി വർദ്ധനവ് കണക്കാക്കിയിട്ടില്ല)

വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ച് ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 21/29.10.24) സമർപ്പിച്ച മറുപടിയിൽ, സഞ്ചയ പ്യൂരിഫിക്കേഷന് അവസരം ലഭ്യമാകുന്ന മുറയ്ക്ക് അപാകത പരിഹരിച്ച് കുടിശ്ശിക തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-16 കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി ഒരേ റോഡ് തന്നെ വ്യത്യസ്ത രീതിയിൽ പരിഗണിച്ചു**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ നികുതി നിർണയപത്രികകൾ (ഫോം-6 പ്രകാരമുള്ളത്) പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വ്യത്യസ്ത രീതിയിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിന് പരിഗണിച്ചതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| റോഡിന്റെ പേര് | കെട്ടിട നമ്പർ | ഉടമസ്ഥൻ | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) | നികുതി നിർണ്ണയിച്ച തീയതി |
|---|---|---|---|---|
| കെ കെ റോഡ് | 9/386 D | ആൻസി റ്റി കെ | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് | 18/10/23 |
| | 9/406 | ദിലീഷ് | 5 മീറ്ററോ അതിൽ | 26/02/24 |

| | | | | |
|---|---|---|---|---|
| | A | ജോർജ് | കൂടുതൽവീതിയുള്ള റോഡ് | |
| പുളിമൂട് നടേപ്പീടിക റോഡ് | 12/347 A | ബിനു ഡി ജോൺസൺ | 5 മീറ്ററോ അതിൽ കൂടുതൽവീതിയുള്ള റോഡ് | 06/07/23 |
| | 12/352 A | പരമേശ്വരൻ നായർ | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് | 27/07/23 |

ഇപ്രകാരം ഒരേ റോഡ് തന്നെ വ്യത്യസ്ത രീതികളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 16/29.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി നിർണയം പുനഃപരിശോധിച്ച് പുതുക്കിയ നിരക്കിൽ തുക ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

**1-17 തൊഴിൽനികുതി പിരിവിലെ അപാകതകൾ**

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിലധികം ജോലി-വ്യവസായം-വ്യാപാരം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്നതും സർക്കാർ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ പരിധി അധികരിച്ച് വരുമാനം ലഭിക്കുന്നവരുമായ വ്യക്തികളും അതോടൊപ്പം വാണിജ്യ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം നിശ്ചിത നിരക്കിൽ തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. 2023-24 വർഷത്തെ തൊഴിൽനികുതി വരവുകൾ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ, മേൽപരാമർശിച്ച രീതിയിൽ നികുതി ഒടുക്കാത്ത സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

ചുവടെ പട്ടികയിൽ പരാമർശിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി തൻവർഷം ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ടി എസ് നം 23 , പാറാമറ്റം | 1,2 |
| 2 | ടി എസ് നം 43, ളാക്കാട്ടൂർ | 1 |
| 3 | ടി എസ് നം 39, എരുത്തുപുഴ | 2 |
| 4 | APCOS , ളാക്കാട്ടൂർ | 1,2 |

**2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

തൻവർഷം സ്ഥാപന തൊഴിൽനികുതി ഒടുക്കാതെ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | സ്ഥാപനം | നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ടി എസ് നം 23 , പാറാമറ്റം | 1,2 |
| 2 | ടി എസ് നം 55, കുരോപ്പട | 1,2 |

| | | |
|---|---|---|
| 3 | ടി എസ് നം 43, ളാക്കാട്ടൂർ | 1 |
| 4 | ടി എസ് നം 39, എരുത്തുപുഴ | 2 |
| 5 | APCOS , ളാക്കാട്ടൂർ | 1,2 |
| 6 | പാരഗൺ പോളിമർ Pvt. Ltd | 1,2 |

തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥമായ മേൽപരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ/ സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/25.10.24) സമർപ്പിച്ച മറുപടിയിൽ, ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കാത്ത ടി എസ് നം 23 , പാറാമറ്റം,ടി എസ് നം 43, ളാക്കാട്ടൂർ, ടി എസ് നം 39, എരുത്തുപുഴ,APCOS , ളാക്കാട്ടൂർ എന്നീ സ്ഥാപനങ്ങൾക്കും,സ്ഥാപനങ്ങളുടെ തൊഴിൽനികുതി അടവാക്കാത്ത സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകുന്നതാണെന്നും നികുതി അടവാക്കുന്ന മുറയ്ക്ക് പ്രസ്തുത വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നികുതി കുടിശ്ശിക പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1- 18 ജീവനക്കാരുടെ തൊഴിൽ നികുതി- കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.**

ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ളത് ഡബിൾ എൻട്രി അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായമാണ്. ആയതു പ്രകാരം അക്രൂവൽ അടിസ്ഥാനത്തിലാണ് വരവുകളെയും ചെലവുകളെയും വർഗ്ഗീകരിച്ചിട്ടുള്ളത്. അക്രൂവൽ സംവിധാനത്തിൽ അക്കൗണ്ട് ചെയ്യപ്പെടുന്നവയാണ് ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നത്. എന്നാൽ ചില വരവിനങ്ങൾക്ക് അക്രൂവൽ രീതിയിലുള്ള ഡിമാന്റ് ജനറേറ്റ് ചെയ്യപ്പെടാത്തതിനാൽ അവ ബാലൻസ് ഷീറ്റിന്റെ ബി-15 പത്രികയിൽ ഉൾപ്പെടുന്നില്ല.
അക്രൂവൽ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ തൊഴിൽനികുതി അക്കൗണ്ട് ചെയ്യപ്പെടുന്നതെങ്കിലും സ്ഥിരതയില്ലാത്തതിനാൽ അവയിലെ ജീവനക്കാരുടേത് അതേ രീതിയിലല്ല അക്കൗണ്ട് ചെയ്യുന്നത്. ആകയാൽ പ്രസ്തുത ഇനത്തിന്റെ ഡിമാന്റ് പൂർണമായും തൻവർഷം ഈടാക്കിയില്ലായെങ്കിൽ കുടിശ്ശിക ബാലൻസ് ഷീറ്റിൽ പ്രതിഫലിയ്ക്കില്ല. ആകയാൽ പ്രസ്തുത കുടിശ്ശികയുടെ ഒടുക്ക് നീക്കിയിപ്പ് കണക്കുകൾ നിരീക്ഷിക്കുന്നതിന് കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിന്റെ സൂക്ഷിപ്പ് അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി തൻവർഷം ഈടാക്കിയിരുന്നില്ല. എന്നാൽ കുടിശ്ശിക വിവരങ്ങൾ നിരീക്ഷിക്കുന്നതിന് തൊഴിൽ നികുതി അരിയർ ഡിമാൻഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കുടിശ്ശികക്കാരുടെ കൃത്യമായ കണക്ക് സൂക്ഷിക്കാത്തതിനാൽ നികുതി നഷ്ടം സംഭവിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കാനാവാത്ത സ്ഥിതി വിശേഷമാണ് നിലനിൽക്കുന്നത്. കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കി തൊഴിൽനികുതി കുടിശ്ശിക കണക്കുകൾ ക്രമപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

**1-19 IFTE&OS ലൈസൻസ് അനുവദിക്കുന്നതിലും ഫീസ് ഈടാക്കുന്നതിലുമുള്ള അപാകതകൾ**

1994-ലെ കേരളാ പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 232(1) പ്രകാരം, ചട്ടങ്ങളുടെ അനുബന്ധമായി നൽകിയിട്ടുള്ള പട്ടികയിൽ പരാമർശിക്കുന്ന വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ലൈസൻസ് സംബന്ധമായ രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2023-24 സാമ്പത്തിക വർഷം ട്രേഡേഴ്‌സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ട്രേഡേഴ്‌സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളെ യഥാസമയം കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 9/ 28.10.24) 2024-25 വർഷത്തെ ട്രേഡേഴ്‌സ് ടെസ്റ്റ് പൂർത്തിയാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ലൈസൻസ് പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണെന്ന് പതിനാലാം പഞ്ചവത്സരപദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ (സ.ഉ.(കൈ)നം.84/2022/തസ്വഭവ തീയതി: 19.04.2022) വിഭവ സമാഹരണം സംബന്ധിച്ച അദ്ധ്യായത്തിൽ (ഖ.5.1(5)) പരാമർശിച്ചിട്ടുണ്ട്. ഹരിതകർമസേന മുഖേന വിവരശേഖരണം നടത്തി ആയത് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

2. ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലായിട്ടില്ല .

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ, (തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ G.O(P) 80/2017 നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ചത്) ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കുകയും പട്ടിക 2-ലെ ലൈസൻസ് ഫീസ് തുകകളിൽ മാറ്റം വരുത്തുകയും ചെയ്തു. എന്നാൽ 2023-24 വർഷത്തെ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസിനായി സമർപ്പിക്കുന്ന ഭൂരിഭാഗം അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ, സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലാ വർഗ്ഗീകരണം നടത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഫീസ് കണക്കാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി നിലവിലും ഇനി തുടർന്നും സ്വീകരിക്കുന്ന ലൈസൻസ് അപേക്ഷകളിൽ അപേക്ഷാ ഫോം പൂർണമായും പൂരിപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥാപനങ്ങളെ മൈക്രോ, മിനി, മീഡിയം, ലാർജ് എന്നിങ്ങനെ തരംതിരിക്കുകയും ഉൽപ്പാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-20 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്ത് പരിധിയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ തൻവർഷം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയോ നിലവിലുള്ളത് പുതുക്കുകയോ ചെയ്തിട്ടില്ലായെന്ന് വ്യക്തമായി.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ABS മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് & ഇംപ്ലാന്റ് സെന്റർ |
| 2 | ദീപ്തി ലബോറട്ടറി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.9/28.10.24) സമർപ്പിച്ച മറുപടിയിൽ,

പരാമർശിത സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ബാധ്യതയുള്ള പ്രാദേശിക ഭരണകൂടം എന്ന നിലയിൽ, ആരോഗ്യസ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കാൻ അനുവദിച്ച നടപടി ക്രമപ്രകാരമല്ല. അവ അടിയന്തിരമായി ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരങ്ങൾ രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-21 ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടകനിരക്കിന് ആനുപാതികമായി സെക്യൂരിറ്റി നിക്ഷേപം ഒടുക്കുന്നില്ല**

വാടക ഡിമാന്റ് രജിസ്റ്റർ അനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 9 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തും കുത്തകക്കാരും തമ്മിലുള്ള കരാർ വ്യവസ്ഥപ്രകാരം 6 മാസത്തെ വാടകയ്ക്ക് തുല്യമായ തുകയാണ് വാടക നിക്ഷേപമായി അടവാക്കേണ്ടത്. ഓരോ സാമ്പത്തികവർഷവും വാടക വർദ്ധനവിന് ആനുപാതികമായി വാടക നിക്ഷേപവും വർദ്ധിപ്പിക്കേണ്ടതുണ്ട്. എന്നാൽ 2023-24 സാമ്പത്തികവർഷം പുതുതായി ലേലം നടത്തി കൈയ്യൊഴിഞ്ഞ മുറികളുടെ കുത്തകക്കാരിൽനിന്ന് (4/457, 4/464) ഇതേ നിരക്കിൽ വാടക നിക്ഷേപം സ്വീകരിച്ചിട്ടുണ്ടെങ്കിലും നിലവിലുണ്ടായിരുന്ന വ്യക്തികളുടെ വാടക നിക്ഷേപം വർദ്ധിപ്പിച്ച് ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | മുറി നം/വാടകക്കാരൻ | പ്രതിമാസവാടക (രൂപ) |
|---|---|---|
| 1 | 4/455 – അജീഷ് മോൻ പി ആർ | 5349 |
| 2 | 4/456 – ഹരികുമാർ കെ ജി | 1118 |
| 3 | 4/458 – സുനിൽകുമാർ ടി കെ | 1222 |
| 4 | 4/459 - പ്രസിഡന്റ് ഹരിത കർഷക സംഘം | 741 |
| 5 | 4/461 – ഹരികുമാർ ബി | 765 |
| 6 | 4/462 – അനുമോൾ മാത്യു | 910 |
| 7 | 4/463 – ജമുന എസ് റാണി | 5500 |

കരാർ വ്യവസ്ഥ അനുസരിച്ച് ആറുമാസത്തെ വാടകയ്ക്ക് ആനുപാതികമായി സെക്യൂരിറ്റി നിക്ഷേപം നിലനിർത്താത്ത നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പട്ടികയിൽ പരാമർശിക്കുന്ന വ്യക്തികളിൽനിന്നും തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-22 ശവദാഹപ്പെട്ടി ലേലം ചെയ്യാൻ നടപടികളായില്ല**

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ടതും മൃതദേഹം ദഹിപ്പിക്കുന്നതിന് ഉപയോഗിച്ചു വന്നിരുന്നതുമായ ശവദാഹപ്പെട്ടി (സ്റ്റെയിൻലെസ് സ്റ്റീൽ നിർമിതവും ഗ്യാസ് ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതുമായ പോർട്ടബിൾ ക്രിമറ്റോറിയം) തകരാറിലായതിനാൽ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ സൂക്ഷിച്ചിരിയ്ക്കുകയാണ്. അത് ലേലം ചെയ്തു കൈയ്യൊഴിയുന്നതിനാണ് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടുള്ളത്. അതിനു മുന്നോടിയായി വിതരണം ചെയ്ത ഏജൻസിയുമായി ബന്ധപ്പെട്ട് പ്രവർത്തനക്ഷമത പരിശോധിക്കുന്നതിന് ഭരണസമിതിയെടുത്ത തീരുമാനം (16(1)/തീ. 05.02.2024) നടപ്പിലാക്കിയ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/തീ. 25/10.2024) സമർപ്പിച്ച മറുപടിയിൽ വിതരണ ഏജൻസി സെക്രട്ടറിയുടെ കത്തിനോട് പ്രതികരിക്കാത്തതിനാൽ ഓർമക്കുറിപ്പ് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. സമിതി തീരുമാനമെടുത്ത്

എട്ടു മാസങ്ങൾ കഴിഞ്ഞിട്ടും തകരാർ പരിഹരിച്ച് ശവദാഹപ്പെട്ടി പുനരുപയോഗ സജ്ജമാക്കാനോ/ലേലപ്രക്രിയ പൂർത്തീകരിക്കാനോ കഴിഞ്ഞിട്ടില്ലായെന്നത് ഗ്രാമപഞ്ചായത്ത് കാര്യാലയപരിസരത്ത് അത് സൂക്ഷിച്ചിട്ടുള്ളതിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. ആസ്തിയുടെ സദുപയോഗസാധ്യത പരിമിതമെന്ന് സ്ഥിരീകരിക്കുന്ന സാഹചര്യത്തിൽ അത് നാശോന്മുഖമാകാതെ കൈയ്യൊഴിയുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-23 ഓൺലൈൻ ഇടപാടുകൾക്കുള്ള പലിശരഹിത അക്കൗണ്ടിൽ വൻ തുക ശേഷിക്കുന്നു**

ഗ്രാമ പഞ്ചായത്ത് ഓൺലൈൻ പണമിടപാടുകൾ നടത്തുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ കുരോപ്പട ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (അക്കൗണ്ട് നം. 6739564226). നികുതി തുകകൾ ഓൺലൈനായി ലഭിക്കുന്നത് പ്രസ്തുത അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. 31.09.2024 വരെയുള്ള പാസ്സ്ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം പ്രസ്തുത അക്കൗണ്ടിൽ ₹ 2718848.85/- രൂപ ബാക്കിയുണ്ട്. പലിശരഹിതവും ബാങ്ക് ചാർജ് ഈടാക്കപ്പെടുന്നതുമായ പ്രസ്തുത അക്കൗണ്ടിൽ ഗണ്യമായ തുക നിലനിർത്തുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. പ്രസ്തുത തുക ഹ്രസ്വകാല സ്ഥിര നിക്ഷേപമായോ, ഉയർന്ന പലിശനിരക്ക് ലഭിക്കുന്ന സേവിംഗ്സ് അക്കൗണ്ടിലേക്കോ മാറ്റുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-24 ടാറിംഗ് പ്രവൃത്തികൾ -ഈടാക്കിയ കാലിവീപ്പവില യഥാവിധി ക്രമീകരിച്ചില്ല**

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ (പി) നം. 177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10അനുസരിച്ച്, (തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 30.10.2007-ലെ 59827/FM/07 നമ്പർ സർക്കുലർ കൂടി കാണുക.) കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിനുവേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ടാറിംഗ്/റീ-ടാറിംഗ് പ്രോജക്ടുകളുടെ ബില്ലിൽനിന്ന് കാലിവീപ്പ വിലയായി തൻവർഷം ₹45475/- ഈടാക്കിയിട്ടുണ്ടെങ്കിലും അത് ഗ്രാമപഞ്ചായത്തിന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് (സബ് ട്രഷറി, സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം.799013000000770) നിക്ഷേപിച്ചത്.

സർക്കാരിലേക്ക് ഒടുക്കേണ്ട തുക തനത് ഫണ്ടിന്റെ ഭാഗമാക്കിയ നടപടി ക്രമപ്രകാരമുള്ളതല്ല. പ്രസ്തുത പ്രോജക്ടുകൾക്കു വേണ്ടി ആസ്തി സംരക്ഷണ ഗ്രാന്റ് (റോഡ്) വിനിയോഗിച്ചിട്ടുള്ളതിനാൽ ബാരൽ വില 3054-911- Deduct Recoveries Of Over Payments - എന്ന ശീർഷകത്തിലും GST അതിന്റെ കണക്കു ശീർഷകത്തിലും ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-25 അഗതി രഹിത കേരളം പദ്ധതിക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ വൻതുക അവശേഷിക്കുന്നു.**

അഗതി രഹിത കേരളം പദ്ധതിക്കു വേണ്ടി കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ച 40690101038408 നമ്പർ അക്കൗണ്ടിന്റെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത അക്കൗണ്ടിൽ 15,47,955/- രൂപ അവശേഷിക്കുന്നതായി കാണുന്നു. അവശേഷിക്കുന്ന തുകയുടെ വിശദവിവരങ്ങൾ (ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട്, ചലഞ്ച് ഫണ്ട്, പലിശ എന്നിവ ഇനം തിരിച്ച്), ഏതൊക്കെ വർഷങ്ങളിൽ ലഭിച്ച തുകയാണെന്നതിന്റെ വിവരങ്ങൾ, ശേഷിക്കുന്ന ഗുണഭോക്താക്കളിൽ ധന സഹായം ലഭിക്കാൻ അവശേഷിക്കുന്നവരുടെ വിവരങ്ങൾ എന്നിവയും ഫയലിൽ ലഭ്യമായിരുന്നില്ല. പ്രത്യേക പദ്ധതിയ്ക്കായി വകയിരുത്തിയ തുക പൂർണ്ണമായി വിനിയോഗിക്കാതെ അനേക വർഷങ്ങളായി അക്കൗണ്ടിൽ സൂക്ഷിച്ചു വരുന്ന നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/29.10.24) അഗതി ആശ്രയ പദ്ധതിക്കായി 29/06/2010 ൽ ലഭിച്ച 1300000 രൂപയിൽ നിന്ന് (പ്ലാൻ ഫണ്ട്) പദ്ധതി മുഖേന ചെലവഴിച്ച 250000 രൂപ കുറച്ച് ബാക്കി തുക ആശ്രയ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നുവെന്നും 2011 ൽ ആശ്രയ പദ്ധതി ഒന്നാം ഘട്ടം അവസാനിച്ചതിനാൽ തുക ചെലവഴിക്കാൻ സാധിച്ചില്ലയെന്നും ഇനിയും 3 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകുവാനുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സാമ്പത്തികവും സാമൂഹ്യവുമായി പാർശ്വവത്ക്കരിക്കപ്പെട്ട ജനങ്ങളെ ശാക്തീകരിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി സമബന്ധിതമായി പൂർത്തീകരിക്കാതെ, ലഭ്യമായ തുക സ്വകാര്യ അക്കൗണ്ടിൽ മൃത നിക്ഷേപമായി നിലനിർത്തുന്നത് ഗുണഭോക്താക്കളുടെ സ്വാഭാവിക നീതി നിഷേധത്തിന് തുല്യമായ നടപടിയാണ്. ശേഷിക്കുന്ന തുക വികസന ഫണ്ടിനത്തിലെ തുകയാണെന്ന് ഓഡിറ്റ് സമാപനയോഗത്തിൽ അധികൃതർ അറിയിച്ചിട്ടുണ്ട്. അത് മുൻഗണനാക്രമത്തിൽ ശേഷിക്കുന്ന ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യവികസനത്തിന് വിനിയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതി, നിർവഹണ ഉദ്യോഗസ്ഥൻ, സിഡിഎസ് എന്നിവരുടെ അടിന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

### 1-26 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുച്ഛേദം 282 അനുസരിച്ച്, 3 വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ഗ്രാമപഞ്ചായത്ത് ഋണശീർഷക്കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു. കരാറുകാർ, വിതരണക്കാർ എന്നിവരിൽനിന്ന് സ്വീകരിച്ച നിരതദ്രവ്യം, ഇവരുടെ സെക്യൂരിറ്റി നിക്ഷേപം, ലേല നിക്ഷേപം തുടങ്ങിയ ഇനങ്ങളിലായി 2016-17 മുതലുള്ള തുകകളാണ് ഇത്തരത്തിൽ ധനകാര്യപത്രികയിൽ ഉൾപ്പെട്ടിരിക്കുന്നത്.

| ഇനം | തുക | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|
| ലേലക്കാരുടെ നിരതദ്രവ്യം | 39875 | 31.03.2021-വരെ നിക്ഷേപിച്ച തുക |
| ലേലക്കാരുടെ സെക്യൂരിറ്റി നിക്ഷേപം | 18000 | |
| കരാറുകാരുടെ റിട്ടെൻഷൻ | 7375 | |
| ഇലക്ഷൻ ഡെപ്പോസിറ്റ് (2020-21 വരെ) | 37000 | |
| ആകെ | 102250 | |

2021 മാർച്ച് 31-ന മുൻപ് നിക്ഷേപിക്കപ്പെട്ടതും കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതുമായ തുകകൾ ഇതിനോടകം കാലഹരണപ്പെട്ടിട്ടുള്ളതിനാൽ അവ പഞ്ചായത്തു ഫണ്ടിലേക്ക് മുതൽക്കൂട്ടി കണക്കുകൾ യഥാവിധി ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തദനുസരണം രജിസ്റ്ററിലും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

### 1-27 കോവിഡ് ദുരിതാശ്വാസനിധി സംഭാവന ഋണശീർഷ കണക്കിൽ നിലനിർത്തുന്നു

കോവിഡ് ദുരിതാശ്വാസനിധിയിലേക്കുള്ള സംഭാവനയിനത്തിൽ ഗ്രാമപഞ്ചായത്തിൽ വിവിധ സ്രോതസുകളിൽനിന്ന് ലഭിച്ച ₹148450/- യഥാവിധി ക്രമീകരിക്കാതെ വർഷങ്ങളായി ധനകാര്യപത്രികയുടെ ബി-9 പത്രികയിൽ നിലനിർത്തിയിരിക്കുകയാണ്. പ്രസ്തുത തുക സർക്കാരിലേക്ക് ക്രമീകരിക്കാൻ പ്രത്യേക ഉത്തരവുകളൊന്നും നിലവിലില്ല. തന്മൂലമാണ് തുക ദീർഘനാളായി ഋണശീർഷ കണക്കുകളിൽ ശേഷിക്കുന്നത്. പ്രത്യേക ആവശ്യം മുൻനിർത്തി ശേഖരിച്ച തുക തനതു ഫണ്ടിൽ ക്രെഡിറ്റ് ചെയ്ത് മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നത് ശരിയായ പ്രവണതയല്ല. ഗ്രാമപഞ്ചായത്ത് നിലവിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഒരു പ്രത്യേക നിധി സമാഹരിച്ച് വിനിയോഗിച്ചു വരുന്നുണ്ട്. ക്രമീകരണ സാധ്യതയില്ലാതെ തുടരുന്ന പ്രസ്തുത തുക നിലവിലുള്ള ദുരിതാശ്വാസ നിധിയിൽ

ലയിപ്പിച്ച് 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണം) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

**1-28 കിഴങ്ങ് വിള വിതരണം പദ്ധതി- ബിൽ ബുക്കിലെയും സുലേഖ പത്രികയിലെയും ചെലവുകൾ പൊരുത്തപ്പെടുന്നില്ല**

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ വനിതകൾക്ക് കിഴങ്ങ് വിള കിറ്റ് വിതരണം പദ്ധതിയുടെ (പ്രോജക്ട് നം. S088/24) ബിൽ ബുക്ക് പ്രകാരമുള്ള ചെലവ് വിവരങ്ങൾ (വികസന ഫണ്ട് ജനറൽ) ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ വിശദാംശങ്ങൾ | തുക (രൂപ) |
|---|---|---|
| 1 | ബിൽ നം 3/24 തീയതി 200000 രൂപ (എ.സി.ആർ ബിൽ നം 237/13.11.23-200000 രൂപ) | 200000 |
| 2 | ബിൽ നം 15/24 തീയതി 350000 രൂപ (എ.സി.ആർ ബിൽ നം 497/23.03.24-350000 രൂപ) | 350000 |
| 3 | ബിൽ നം 17/24 തീയതി 300000 രൂപ (എ.സി.ആർ ബിൽ നം 591/27.03.24-300000 രൂപ) | 300000 |
| | ആകെ | 850000 |

എന്നാൽ പരാമർശിത പദ്ധതിയുടെ ബിൽ ബുക്കിലെയും സുലേഖ പത്രികയിലെയും ചെലവുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. സുലേഖാ സോഫ്റ്റ് വെയറിൽ ക്രോഡീകരിച്ചിട്ടുള്ള വാർഷിക പദ്ധതി കണക്കുകൾ പ്രകാരം പ്രസ്തുത പ്രോജക്ടിന്റെ ആകെ ചെലവ് ₹5,50,000/- ആണെങ്കിലും 27.3.2024-ലെ 17/2023-24 നമ്പർ ബിൽ പ്രകാരം 5,50,000 ഇതേ ആവശ്യം രേഖപ്പെടുത്തി ₹300000/- കൂടി ട്രഷറിയിൽനിന്ന് പിൻവലിച്ചിട്ടുള്ളതായി കാണുന്നു. കൂടാതെ പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട 550000/- രൂപയുടെ വിശദാംശങ്ങൾ മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്. ബിൽ നം 17/2024/27.03.2024 തീയതി പ്രകരമുള്ള 300000/- രൂപയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/28.10.24) സമർപ്പിച്ച മറുപടിയിൽ മൂന്നു ലക്ഷം രൂപയുടെ ബിൽ യഥാർത്ഥത്തിൽ തൻവർഷം പാസ്സായിട്ടില്ലായെന്നും സ്പിൽ ഓവറായി 2024-25 സാമ്പത്തിക വർഷമാണ് പ്രസ്തുത 300000/- രൂപയുടെ ചെലവ് നടന്നിട്ടുള്ളതെന്നും, സമർപ്പിച്ച ബിൽ ട്രഷറി ഓഫീസർ ബിൽ പാസ്സാക്കുന്നത് സംബന്ധിച്ച രേഖപ്പെടുത്തലിൽ സംഭവിച്ച അവ്യക്തത മൂലം കാഷ്ബുക്കിൽ ഉൾപ്പെടുത്തുകയായിരുന്നുവെന്നും കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത മറുപടി സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല (ട്രഷറിയിൽ നിന്നുള്ള നോൺ പെയിംഗ് സർട്ടിഫിക്കറ്റ്, തുക ട്രാൻസ്ഫർ ചെയ്ത യു.ടി.ആർ നമ്പർ, 2023-24-ലെ ക്യൂബിൽ പട്ടിക തുടങ്ങിയവ). ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ബന്ധപ്പെട്ട രേഖകൾ സഹിതം വിവരമറിയിക്കേണ്ടതാണ്.

**1- 29 മെൻസ്ട്രൽ കപ്പ് വിതരണ പദ്ധതി- പദ്ധതി നടത്തിപ്പിൽ അപാകതകൾ**

| | |
|---|---|
| പ്രോജക്ട് നം./പേര് | നം 123/24- വനിതകൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം |

| | |
|---|---|
| അടങ്കൽ തുക | 165000/- രൂപ (വികസന ഫണ്ട് പൊതു വിഭാഗം) |
| ചെലവ് തുക | 165000/- രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ബിൽ /വൗച്ചർ വിശദാംശങ്ങൾ | ബിൽ നം- 16/01.02.24 -165000/- രൂപ |

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ഹിന്ദുസ്ഥാൻ ലാറ്റക്സ് ലൈഫ് കെയർ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽനിന്ന് 15.02.24 ലെ 9423050780 നം ഇൻവോയിസ് പ്രകാരം 550 മെൻസ്ട്രൽ കപ്പുകൾ (ഒന്നിന് 300 രൂപ നിരക്കിൽ) വാങ്ങിയിട്ടുണ്ട്. എന്നാൽ പരിശോധനക്ക് ഹാജരാക്കിയ വിതരണ രജിസ്റ്റർ പ്രകാരം 326 എണ്ണം മാത്രമാണ് നിലവിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളത്.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖയുടെ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജി.ഒ(എംഎസ്) 115/2022 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചത്) ഖണ്ഡിക 7.6.8 പ്രകാരം മെൻസ്ട്രൽ കപ്പ് വിതരണ പദ്ധതിയുടെ വിശ്വാസ്യതയ്ക്കും സംശയ നിവാരണത്തിനുമായി എഫ്.എച്ച്.സി/ പി.എച്ച്.സി/സി.എച്ച്.സി ഡോക്ടറുടെ നേതൃത്വത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്ന് നിർദ്ദേശമുള്ളതാണ്. എന്നാൽ ഇത്തരത്തിൽ ബോധവത്കരണ പ്രചാരണ പരിപാടി നടത്തിയതിന്റെ വിവരങ്ങളും ഫയലിൽ ലഭ്യമല്ല.

പരാമർശിത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/തീ.29.10.24) സമർപ്പിച്ച മറുപടിയിൽ, 224 കപ്പുകൾ വിതരണം ചെയ്തിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. വിതരണം ചെയ്യാതെ അവശേഷിക്കുന്ന 224 മെൻസ്ട്രൽ കപ്പുകൾ വാങ്ങുന്നതിന് ചെലവഴിച്ച 67200/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ലഭ്യമായ മെൻസ്ട്രൽ കപ്പുകൾ പൂർണ്ണമായി വിതരണം ചെയ്ത് വിവരമറിയിക്കേണ്ടതാണ്. കൂടാതെ പദ്ധതിയുടെ ഭാഗമായി ബോധവത്കരണ പ്രചാരണ പരിപാടി നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

**1-30 പരിശോധനാ കിറ്റുകൾ വാങ്ങൽ -ടെണ്ടർ നടപടി ക്രമങ്ങൾ പാലിച്ചില്ല**

| | |
|---|---|
| പ്രോജക്ട് നം./പേര് | എസ്279/24 കുടുംബാരോഗ്യ കേന്ദ്രത്തിലെയും സബ് സെന്ററുകളിലെയും രോഗ നിർണ്ണയ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും അനുബന്ധ പ്രവർത്തനങ്ങൾ നടപ്പാക്കുകയും |
| അടങ്കൽ തുക | ₹959000/- (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് തുക | 529541/- രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

പ്രസ്തുത പ്രോജക്ട് പ്രകാരം, ട്രൈ കെയർ ബയോമെഡിക്കൽ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽനിന്ന് (13.03.24 ലെ 1398 നമ്പർ ടാക്സ് ഇൻവോയിസ്) ഫൈൻ കെയർ TSH 25 T (20 എണ്ണം), ഫൈൻ കെയർ

T3 25 T (12 എണ്ണം), ഫൈൻ കെയർ T4 25 T (12 എണ്ണം), ഫൈൻ കെയർ വൈറ്റമിൻ ഡി 25 T (ഒരെണ്ണം) എന്നീ പരിശോധനാ കിറ്റുകൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്(സ്റ്റോക്ക് രജിസ്റ്ററിലെ പേജ് നം. 76). ആയതിന്റെ വിലയിനത്തിൽ അലോട്ടമെന്റ് നം- 573/25.03.24 മുഖേന ടൈ കെയർ മെഡിക്കൽ സൊല്യൂഷൻസിന്റെ 99999999543210 നമ്പർ അക്കൗണ്ടിലേക്ക് 93293/- രൂപ നൽകിയിട്ടുമുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.11.2010-ലെ ജി.ഒ(പി) 259/2010 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്വർമെന്റ് മാർഗരേഖയുടെ ഖണ്ഡിക 3.1 അനുസരിച്ച് ഗ്രാമപഞ്ചായത്ത് നടത്തുന്ന 50000/- രൂപ മുതൽ 100000/- രൂപ വരെയുള്ള വാങ്ങലുകൾ ലിമിറ്റഡ് ടെണ്ടറുകൾ മുഖേന നടത്തേണ്ടതാണ്. എന്നാൽ പ്രസ്തുത പരിശോധനാ കിറ്റുകൾ വാങ്ങിയതിൽ പ്രസ്തുത ടെണ്ടർ നടപടി ക്രമങ്ങൾ സ്വീകരിച്ചതായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടെണ്ടർ കൂടാതെ വാങ്ങൽ നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/29.10.24) സമർപ്പിച്ച മറുപടിയിൽ, ടൈ കെയർ ബയോമെഡിക്കൽ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്ന് മാത്രമാണ് പ്രസ്തുത പരിശോധന കിറ്റുകളും അവയുടെ വിൽപ്പനാനന്തര സേവനവും ലഭ്യമാകുകയുള്ളുവെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ KMSCL Empanelment, Non Availability Certificate തുടങ്ങി മറുപടിയെ സാധൂകരിക്കുന്ന യാതൊരു രേഖയും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 93293/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പരാമർശിത രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-31 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ -വിതരണ ഏജൻസി ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല**

നിർവഹണ ഉദ്യോഗസ്ഥ ;- മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ഹോമിയോ മരുന്നുകൾ വാങ്ങുന്നതിന് ആലപ്പുഴ ഹോംകോയ്ക്ക് ₹300000/- കൈമാറിയിരുന്നുവെങ്കിലും വിതരണ ഏജൻസി പ്രസ്തുത ഔഷധങ്ങൾ പൂർണമായി വിതരണം ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | നിർവഹണ ഏജൻസി | കൈമാറിയ തുക | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| എസ്073/24 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ | ഹോംകോ ആലപ്പുഴ | 300000 | NEFT<br>മുഖേന സ്ഥാപനത്തിന് എസ്.ബി.ഐ ആലപ്പുഴ കൈച്ചൂണ്ടി ശാഖയിലുള്ള 34306403911 നമ്പർ അക്കൗണ്ടിലേക്ക് 11.12.2023-ൽ ട്രാൻസ്ഫർ ചെയ്തു.<br>(BRN 23081252005300902776/ 07.12.2023 | 271852 | 28148 |

ലഭ്യമാക്കുവാൻ അവശേഷിക്കുന്ന ഔഷധങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-32 കോക്ലിയാർ ഇംപ്ളാന്റേഷൻ ഉപകരണങ്ങളുടെ നവീകരണം - വിനിയോഗശേഷമുള്ള തുക ഏജൻസിയുടെ പക്കൽ ശേഷിക്കുന്നു**

| | |
|---|---|
| പ്രോജക്ട് നം | എസ്17/24 |
| ചെലവ് | 100000 (വികസന ഫണ്ട് (പൊതു വിഭാഗം) |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |
| ബിൽ നം | 22/26.03.24 |

കേൾവിശക്തി കുറവുള്ള വ്യക്തികൾക്ക് അനുവദിച്ചിട്ടുള്ള കോക്ലിയർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ ഓരോ വർഷവുമുള്ള അറ്റകുറ്റപ്പണികൾക്ക് ₹50000/-വീതം സാമൂഹ്യ സുരക്ഷാമിഷന് നിർബന്ധമായും കൈമാറേണ്ടതാണെന്ന് പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖയുടെ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജി.ഒ(എം.എസ്).115/22/തസ്വഭവ/28.05.22 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചത്) ഖണ്ഡിക 7.1.2.(ബി).2-ൽ നിർദ്ദേശമുള്ളതാണ്. തദനുസരണം ഗ്രാമമപഞ്ചായത്തിലെ രണ്ട് ഗുണഭോക്താക്കൾക്കുവേണ്ടി (ജെസ്വിൻ ജോസഫ്, ജോസ്വിൻ ആന്റോ റോയ്) കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസിനായി 100000/- രൂപ സാമൂഹ്യ സുരക്ഷാമിഷന് പ്രസ്തുത പ്രോജക്ട് പ്രകാരം കൈമാറിയിരുന്നു. കൈമാറിയ തുകയിൽ 61939.50 രൂപ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ഏജൻസിയിൽനിന്ന് ലഭിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 38060.50 രൂപ (100000 – 61939.50) കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസിനായി ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് ഐ സി ഡി എസ് സൂപ്പർവൈസർ ഉറപ്പ് വരുത്തേണ്ടതാണ്. അതിന് പൂരകമായി മാത്രം തുടർവർഷം അടങ്കൽ വകയിരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-33 ഭവന പുനരുദ്ധാരണം- ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ പുനരുദ്ധാരണപ്രവൃത്തികൾ പൂർത്തിയാക്കിയില്ല**

| | |
|---|---|
| പ്രോജക്ട് നം./പേര് | എസ് 012/24, വീട് വാസയോഗ്യമാക്കൽ (ജനറൽ) |
| ചെലവ് തുക | 1140000/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഓ |

പ്രസ്തുത പദ്ധതി മുഖേന വീട് വാസയോഗ്യമാക്കുന്നതിനായി ധന സഹായം കൈപ്പറ്റിയ 34 ഗുണഭോക്താക്കൾക്കളിൽ 4 പേർ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ വിശദാംശങ്ങൾ |
|---|---|---|---|
| 1 | രാധാകൃഷ്ണൻ സി | 20000/- രൂപ | ബിൽ നം- 356/25.01.24 -820000 രൂപ |
| 2 | മായ വിജയൻ | 20000/- രൂപ | |
| 3 | ബിജു വി ഒ | 20000/- രൂപ | ബിൽ നം- 445/04.03.24 -120000 |

| | | | |
|---|---|---|---|
| 4 | ജെസ്സി എബ്രാഹം | 20000/- രൂപ | രൂപ |
| | ആകെ | 80000/- രൂപ | |

ധനസഹായം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളുടെയും ഭവന പുനരുദ്ധാരണം പൂർത്തിയാക്കി വിവരമറിയിക്കേണ്ടതാണ്. ഉചിത ഇടപെടലുകൾക്കായി വിഷയം ഭരണസമിതിയുടെ സജീവശ്രദ്ധയിൽപ്പെടുത്തുന്നു.

**1-34 ലൈഫ് ഭവന പദ്ധതി- ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.**

ലൈഫ് ഭവന പദ്ധതി പ്രകാരം ധനസഹായത്തിന്റെ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| **ക്രമ നമ്പർ** | **ഗുണഭോക്താവിന്റെ വിവരം** | **കരാറിലേർപ്പെട്ട വർഷം** | **പൂർത്തിയാക്കിയ ഘട്ടം** | **നാളിതുവരെ നൽകിയ തുക** | **അവസാനം തുക നൽകിയ തീയതി** |
|---|---|---|---|---|---|
| 1 | അച്ചാമ്മ കുരുവിള | 2023 | നിർമ്മാണം ആരംഭിച്ചിട്ടില്ല | 40000 | 18.05.2023 |
| 2 | സുമതി പൗവ്വത്ത് | 2023 | നിർമ്മാണം ആരംഭിച്ചിട്ടില്ല | 40000 | 18.05.2023 |
| 3 | അനീഷ് കെ രാഘവൻ | 2021 | തറ നിരപ്പ് വരെ പൂർത്തിയാക്കി | 280000 | 19.12.2022 |
| 4 | സിജ്ജു സി മോഹൻ | 2022 | തറ നിരപ്പ് വരെ പൂർത്തിയാക്കി | 140000 | 16.03.2023 |
| 5 | നീതു ടി ദേവ് | 2022 | തറ നിരപ്പ് വരെ പൂർത്തിയാക്കി | 260000 | 18.11.2022 |
| 6 | ശശീന്ദ്രൻ കെ ജി | 2023 | നിർമ്മാണം ആരംഭിച്ചിട്ടില്ല | 40000 | 15.03.2023 |
| 7 | രാജു പി കെ | 2023 | നിർമ്മാണം ആരംഭിച്ചിട്ടില്ല | 40000 | 15.03.2023 |
| 8 | ശ്യാമ എസ് | 2023 | നിർമ്മാണം ആരംഭിച്ചിട്ടില്ല | 40000 | 15.03.2023 |

പരാമർശിത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കാൻ ഭരണസമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനോടകം കൈപ്പറ്റിയ തുക യഥാവിധി വിനിയോഗിച്ചിട്ടില്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷം പലിശ സഹിതം തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.

**1-35 മാലിന്യ സംസ്കരണം-ബിന്നുകൾ വിതരണം ചെയ്ത രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല**

| | |
|---|---|
| പ്രോജക്ട് നം./പേര് | S254/24 12-ാം വാർഡിലെ എല്ലാ വീടുകളിലും ബിൻ സ്ഥാപിക്കൽ |
| അടങ്കൽ തുക | ₹110000/- (100000 വികസന ഫണ്ട് + 10000 ഗുണഭോക്തൃ വിഹിതം) |
| ചെലവ് തുക | 108684 രൂപ (98700-വികസന ഫണ്ട് പൊതു വിഭാഗം+ 9984-ഗുണഭോക്തൃ വിഹിതം) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഓ |
| ബിൽ /വൗച്ചർ വിശദാംശങ്ങൾ | ബിൽ നം- 7/25.03.24 -98700/-രൂപ<br>വൗച്ചർ നമ്പർ- 22301068/ 15.03.25 9984/- രൂപ (ഗുണഭോക്തൃ വിഹിതം) |

വീടുകളിലെ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള ബിന്നുകൾ വിതരണം ചെയ്യുന്നതിന് ആവിഷ്കരിച്ച പ്രസ്തുത പ്രോജക്ട് പ്രകാരം മത്സരാധിഷ്ഠിത ടെണ്ടർ നടപടിക്രമങ്ങളിലൂടെ ആലപ്പി ബയോടെക് എന്ന സ്ഥാപനത്തിനെ തെരഞ്ഞെടുക്കുകയും 314 രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിരുന്നു. തുടർന്ന് സ്ഥാപനത്തിന്റെ 526201010299268 നമ്പർ അക്കൗണ്ടിലേക്ക് പരാമർശിത ബിൽ/ വൗച്ചറുകൾ മുഖേന 108684/- രൂപ നൽകിയിട്ടുണ്ടെങ്കിലും ബിന്നുകൾ ലഭ്യമായതിന്റെയും വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. അജൈവ മാലിന്യസംസ്കരണം ഗ്രാമപഞ്ചായത്തിന്റെ പൊതുവായ വിഷയമായിരിക്കെ പ്രോജക്ട് ഒരു വാർഡിൽ മാത്രമായി പരിമിതപ്പെടുത്തിയതിന്റെ കാരണവും വ്യക്തമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/തീ.28.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 108684/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബിന്നുകൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

**1-36 കുഴൽ കിണർ നിർമ്മാണം അനുബന്ധ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി 2023-24 വർഷം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന കുഴൽ കിണർ നിർമ്മാണം അനുബന്ധ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം നിർവഹണ ഏജൻസിയിൽനിന്ന് ലഭ്യമായിട്ടില്ല.

| ക്രമ നം | പ്രോജക്ട് | ചെലവ് | റിമാർക്സ് |
|---|---|---|---|
| 1 | 122/24, വിവിധ വാർഡുകളിൽ കുഴൽക്കിണർ അറ്റകുറ്റപ്പണി | 306493 (Cfc)<br>(ബിൽ നം - 594/27.03.24) | ഭൂജല വകുപ്പിൽ നിന്നും എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. സ്ഥാപനവുമായി ഏർപ്പെട്ട കരാർ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ |

| | | | |
|---|---|---|---|
| | | | ചേർത്തിട്ടില്ല |
| 2 | 308/24, വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണവും അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കലും | 863900 (Cfc) (ബിൽ നം – 593/27.03.24) | ഭൂജല വകുപ്പിൽ നിന്നും എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. സ്ഥാപനവുമായി ഏർപ്പെട്ട കരാർ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ചേർത്തിട്ടില്ല |
| 3 | 231/24, പറയരുകുന്ന് എസ് സി കോളനി കുടിവെള്ള പൈപ്പ് മാറ്റി സ്ഥാപിക്കൽ | 100000 (വികസനഫണ്ട് (പൊതു വിഭാഗം) ബിൽ നം . 14/13.12.23) | ഭൂജല വകുപ്പിൽ നിന്നും എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട് . സ്ഥാപനവുമായി ഏർപ്പെട്ട കരാർ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ചേർത്തിട്ടില്ല. |
| 4 | 229/24, 292/24ചാത്തനാംപതാൽ, ജയശ്രീ അങ്കണവാടി മോട്ടോർ സ്ഥാപിക്കൽ | 106000 (സി എഫ് സി) (ബിൽ നം – 444/04.03.24) + 144000 (തനത് ഫണ്ട്) (ചെക്ക് നം –311779/07.03.24 | ഭൂജല വകുപ്പിൽ നിന്നും എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട് . സ്ഥാപനവുമായി ഏർപ്പെട്ട കരാർ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ചേർത്തിട്ടില്ല. |
| | ആകെ | 1520393/- | |

പ്രസ്തുത വിശദാംശങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/തീ.30.10.24) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ലെന്ന മറുപടി ലഭ്യമാക്കി. പ്രോജക്ട് പൂർത്തീകരണ-തുക വിനിയോഗ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ചെലവു തുക ₹1520393/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രോജക്ടുകൾ പൂർത്തീകരിച്ചതായി മോണിട്ടറിംഗ് സമിതി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**1-37 100% പിരിവ് പൂർത്തീകരിച്ച വാർഡുകളിലേയ്ക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ - അപാകതകൾ**

| | |
|---|---|
| പ്രോജക്ട്നം/ പേര് | എസ്239/24, 100% പിരിവ് പൂർത്തീകരിച്ച വാർഡുകളിലേയ്ക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ (So) |
| അടങ്കൽ തുക | ₹180353/- (തനത് ഫണ്ട്) |
| ചെലവ് തുക | ₹ 132594/-<br>(ചെക്ക് നം -36741 / 20-12-23 - 42124 രൂപ)<br>(ചെക്ക് നം -35004/19-09-23 - 90470 രൂപ) |
| നിർവ്വഹണം | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ 4, 10 വാർഡുകളിലെ സ്ട്രീറ്റ് മെയിൻ ലൈൻ ദീർഘിപ്പിക്കലിനു വേണ്ടിയാണ് പ്രസ്തുത പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ വിവിധ ലൈൻ ദീർഘിപ്പിക്കൽ പ്രോജക്ടുകളുടെ ബിൽ പകർപ്പുകൾ ക്രമരഹിതമായി സൂക്ഷിച്ചിരുന്നതിനാൽ ചെലവ് വിശദാംശങ്ങൾ കൃത്യമായി ലഭിക്കാതെ വരികയും അപാകതകൾ ഓഡിറ്റ് എൻക്വയറി മുഖേന സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിരുന്നു (നം.25/30.10.24). പ്രസ്തുത എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കി. ലൈൻ എക്സ്റ്റെൻഷന് വേണ്ടി പ്രത്യേകം പ്രോജക്ടുകൾ രൂപീകരിച്ചിരുന്നെങ്കിലും എസ്റ്റിമേറ്റ് ഒന്നായി നൽകിയതിനാലാണ് ഇപ്രകാരം ഫയൽ ക്രമീകരണത്തിൽ അപാകത സംഭവിച്ചതെന്നും പാമ്പാടി ഇലക്ട്രിക്കൽ സെക്ഷനിൽ 90470/- രൂപയും കൂരോപ്പട ഇലക്ട്രിക്കൽ സെക്ഷനിൽ 42124/- രൂപയും നിക്ഷേപിച്ചിട്ടുള്ളതായും (ബില്ലുകളുടെ പകർപ്പ് മറുപടിയ്ക്കൊപ്പം ചേർത്തിട്ടുണ്ട്) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് വിശദാംശങ്ങൾ അനുബന്ധ രേഖകൾ സഹിതം കൃത്യമായി ഉൾപ്പെടുത്തി ഫയൽ തയ്യാറാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നിക്ഷേപിച്ച തുകയിൽ 42124/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. 90470/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത സാഹചര്യത്തിൽ 90470 /- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-38 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ - പ്രോജക്ട് ഫയൽ സമഗ്രമാക്കി സൂക്ഷിക്കുന്നില്ല**

| | |
|---|---|
| പ്രോജക്ട് നം. /പേര് | എസ്232/24(so) , വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ |
| അടങ്കൽ തുക | 621980/- (തനതു ഫണ്ട്) |
| ചെലവ് തുക | ₹602582/- (തനത് ഫണ്ട്)<br>ചെക്ക് നം –36718/17-11-23 153900/- രൂപ,<br>ചെക്ക് നം 36719/17-11-23 - 448682/- രൂപ |
| നിർവ്വഹണം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

ഓഡിറ്റിന് ലഭ്യമാക്കിയ പ്രസ്തുത പ്രോജക്ടിന്റെ ഫയൽ സമഗ്രമാക്കി സൂക്ഷിച്ചിരുന്നില്ല. റദ്ദ് ചെയ്തവയും അല്ലാത്തതുമായ ബില്ലുകളുടെ നിരവധി പകർപ്പുകൾ പ്രോജക്ട് ഫയലിൽ ഉൾപ്പെട്ടിരുന്നു. ആകയാൽ കെ.എസ്.ഇ.ബിയുടെ വിവിധ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കൈമാറിയ തുകകളുടെ യഥാർത്ഥ വിശദാംശങ്ങൾ കൃത്യമായി നിർണ്ണയിക്കാൻ കഴിഞ്ഞില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിരുന്ന ബിൽ പകർപ്പുകളുടെ വിവരങ്ങൾ

| തുക നിക്ഷേപിച്ച ഇലക്ട്രിക്കൽ സെക്ഷന്റെ പേര് | കൈമാറിയതായി രേഖപ്പെടുത്തിയ തുക |
|---|---|
| പള്ളിക്കത്തോട് | 194759/- |
| കൂരോപ്പട | 198544 + 55379 + 96336 = 350259/- |
| പൊൻകുന്നം | 153900 + 65554 = 219454/- |
| ആകെ | 764472/- |

പ്രസ്തുത ബില്ലുകളുടെ ആകെ തുക 7,64,472/- രൂപയാണ്. എന്നാൽ 6,02,582 രൂപയാണ് പ്രോജക്ട് പ്രകാരമുള്ള ചെലവ്. വിവിധ ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിക്ഷേപിച്ചിട്ടുള്ള തുകകളുടെ കൃത്യമായ വിവരവും അവ വിനിയോഗിച്ച വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/തീ.29.10.24) മറുപടി ലഭ്യമാക്കി. ആയത് പ്രകാരം വിവിധ ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്ന് ഒരോ വാർഡിലേയ്ക്കും ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | തുക | ഇലക്ട്രിക്കൽ സെക്ഷൻ |
|---|---|---|
| വാർഡ് 9 | 53900/- | പൊൻകുന്നം |
| വാർഡ് 10 | 100000/- | |
| വാർഡ് 8<br>വാർഡ് 6 | 198544/-<br>55379/- | കൂരോപ്പട |
| വാർഡ് 6 | 194759/- | പള്ളിക്കത്തോട് |
| ആകെ | 6,02,582/- | |

അനാവശ്യമായ രേഖകൾ ഒഴിവാക്കി ഫയലുകൾ കൃത്യമാക്കിയതായ വിവരവും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മേൽ പ്രവൃത്തികളിൽ 198544/- (വാർഡ് 8), 55379/- (വാർഡ് 12) രൂപയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. വാർഡ് 10-ലെ 100000/- രൂപയുടേയും വാർഡ്9-ലെ 53900/- രൂപയുടേയും വാർഡ് 6-ലെ 194759/- രൂപയുടേയും വിനിയോഗ സാക്ഷ്യപത്രം കൂടി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ മേൽ പരാമർശിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാനും ഫയലുകൾ സമഗ്രമാക്കി സൂക്ഷിക്കാനും ശ്രദ്ധിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 348659/- (53900 + 100000 + 194759) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-39 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും - പൂർണ്ണമായ വിശദാംശങ്ങൾ ലഭ്യമായില്ല**

| | |
|---|---|
| പ്രോജക്ട് നം./പേര് | S037/24, വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും(new) |
| അടങ്കൽ തുക | ₹490000/-(വികസന ഫണ്ട്( പൊതു വിഭാഗം)) |
| ചെലവ് തുക | ₹457671/-<br>വികസന ഫണ്ട് ( പൊതു വിഭാഗം) |
| ബിൽ വിശദാംശങ്ങൾ | ബിൽനം. 18/11.12.2023 – 65554 രൂപ<br>20/18.12.23 – 96336 രൂപ<br>21/18.12.23 – 295781 രൂപ |

| | |
|---|---|
| നിർവ്വഹണം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

പ്രസ്തുത പ്രോജക്ട് ഫയലിൽ ചുവടെ ചേർത്തിരിക്കുന്ന എസ്റ്റിമേറ്റുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം | വാർഡ് നം | എസ്റ്റിമേറ്റ് തുക | എസ്റ്റിമേറ്റ് തയ്യാറാക്കിയ KSEBഇലക്ട്രിക്കൽ സെക്ഷൻ |
|---|---|---|---|
| 1. | വാർഡ് 8 | 198544 രൂപ | കുരോപ്പട ഇലക്ട്രിക്കൽ സെക്ഷൻ |
| 2. | വാർഡ് 10 | 190470 രൂപ | പാമ്പാടി ഇലക്ട്രിക്കൽ സെക്ഷൻ |

മേൽപരാമർശിത എസ്റ്റിമേറ്റുകൾ പ്രോജക്ട് നം. എസ് 232/24, എസ് 239/24 എന്നിവയിലും ഉൾപ്പെട്ടിട്ടുണ്ട്. പ്രോജക്ട് ചെലവായി സുലേഖാ ചെലവു പത്രികയിൽ ₹457671/-ആണ് ഉൾപ്പെടുത്തിയിട്ടുള്ളതെങ്കിലും ₹65554/- (18/2023-24/11.12.2023), ₹96336/-(19/2023-24/18.12.23) ഉൾപ്പടെ ₹161890/-യുടെ ബില്ലുകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. (എസ് 37/24) എന്ന പ്രസ്തുത പ്രോജക്ട് പ്രകാരം വിവിധ ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിക്ഷേപിച്ച തുകകളുടെ കൃത്യമായ എസ്റ്റിമേറ്റുകൾ, ചെലവ് വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രങ്ങൾ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/തീ.30-10-24) 06/11/24 ൽ വിശദമായ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം മേൽ പ്രോജക്ടിൽ ചെലവഴിച്ച തുകയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | ചെലവഴിച്ച തുക (രൂപ) |
|---|---|
| 4 | 105868 |
| 14 | 96336 |
| 6 | 65554 |
| 6 | 189913 |
| ആകെ | 457671/- |

പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, ബില്ലുകളുടെ പകർപ്പ് എന്നിവ ഓഡിറ്റ് എൻക്വയറിയ്ക്കൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. ഫയലുകൾ യഥാവിധി ക്രമീകരിച്ചിട്ടുണ്ടെന്നുള്ള വിവരവും അറിയിച്ചിട്ടുണ്ട്. എന്നാൽ 457671/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 457671/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-40 പൊതുടാപ്പുകളുടെ വെള്ളക്കരം അടവ് - കുടിശ്ശിക ക്രമീകരിയ്ക്കാൻ നടപടികളായില്ല**

| | |
|---|---|
| പ്രോജക്ട് നം./പേര് | S235/24 , പൊതുടാപ്പുകളുടെ വെള്ളക്കരം അടവ് |
| അടങ്കൽ തുക | ₹137474/- (MG (NR)) |
| ചെലവ് തുക | ₹137474/- (MG (NR))<br>ബിൽ നം - 23/04-01-24 |
| നിർവ്വഹണം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

ഗ്രാമപഞ്ചായത്ത് 146 പൊതുടാപ്പുകളുടെ വെള്ളക്കരമാണ് ഒടുക്കി വന്നിരുന്നത്. 2023 ജനുവരി മാസം വരെ പ്രതിവർഷം 5250/- രൂപ നിരക്കിൽ തുക കൃത്യമായി അടവാക്കി വന്നിരുന്നതാണ്. എന്നാൽ ഫെബ്രുവരി 2023 മുതൽ വാട്ടർ അതോറിറ്റി പ്രതിവർഷം 14559/- രൂപ നിരക്കിൽ 177135/- രൂപ ഡിമാൻഡ് ചെയ്തു തുടങ്ങിയതിനാൽ വെള്ളക്കരത്തിലെ ഭീമമായ വർദ്ധനവ് കാരണം ഗ്രാമപഞ്ചായത്ത് തുക അടവാക്കാതെയായി. ഒടുക്കുന്ന തുക യഥാർത്ഥ ഉപഭോഗത്തിനനുസൃതമാണെന്ന് ഉറപ്പു വരുത്തുന്നതിനായി കേരള ജല അതോറിറ്റി അധികൃതരുമായി സംയുക്ത പരിശോധന നടത്തി റിപ്പോർട്ട്

06.11.23 ന് ഗ്രാമപഞ്ചായത്തിന് കൈമാറിയതായും എന്നാൽ പ്രസ്തുത റിപ്പോർട്ടിൽ 4, 5, 6, 12, 13, 17 വാർഡുകളിലെ വിവരങ്ങൾ ലഭ്യമായില്ലെന്നും പ്രോജക്ട് ഫയലിൽ രേഖപ്പെടുത്തലുണ്ട്. മേൽ പരാമർശിത വാർഡുകളുടേതൊഴികെയുള്ള ടാപ്പുകളുടെ എണ്ണം 77 ആയി നിജപ്പെടുത്തിയിട്ടുണ്ട്. പരിശോധന പൂർത്തിയാക്കാനുള്ള വാർഡുകളിലെ വിവരങ്ങൾ കൂടി ലഭ്യമായതിനു ശേഷമേ ടാപ്പുകളുടെ എണ്ണം കുറവ് ചെയ്യൂ എന്ന് ജല അതോറിറ്റി അറിയിച്ചതിനെ തുടർന്ന് കുടിശ്ശിക , ഫൈൻ എന്നിവ ഒടുക്കാൻ കഴിയില്ലായെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജല അതോറിറ്റി അസി.എഞ്ചിനീയറെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. (14/11/23-ലെ SC1-5999നമ്പർ കത്ത് ). എങ്കിലും 2023-24 വർഷത്തിൽ മേൽപരാമർശിത പ്രോജക്ട് രൂപീകരിച്ച് 137474/ രൂപ 12/2023 ൽ അടവ് വരുത്തിയിരുന്നെങ്കിലും പ്രസ്തുത തുക ബില്ലുകളിൽ ക്രമീകരിച്ചില്ല. തുടർന്നും 146 ടാപ്പുകളുടെ വെള്ളക്കരവും ഫൈനും വാട്ടർ അതോറിറ്റി ഡിമാൻഡ് ചെയ്തു വന്നു. വെള്ളക്കരം ഒടുക്കുന്നതിലെ അവ്യക്തത സംബന്ധിച്ചും കുടിശ്ശിക, ഫൈൻ എന്നിവ യഥാർത്ഥ ഉപഭോഗത്തിനനുസൃതമല്ലാത്തതിനാൽ അവ ഒഴിവാക്കാൻ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ചുമുള്ള വിശദീകരണം ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/29-10-24) സമർപ്പിച്ച മറുപടിയിൽ, വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും പഞ്ചായത്ത് അധികൃതരും പങ്കെടുത്ത യോഗത്തിൽ തുക കുറവ് ചെയ്യുന്ന വിഷയം രേഖാമൂലം ആവശ്യപ്പെടുന്നപക്ഷം പരിഗണിക്കാമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതനുസരിച്ച് കത്ത് നൽകിയിട്ടും ഇതിനോടകം അടവാക്കിയ തുക ക്രമീകരിക്കാതെ വരികയാൽ ആയത് ക്രമീകരിക്കണമെന്നും പിഴപ്പലിശ ഒഴിവാക്കി നൽകണമെന്നും സംയുക്ത പരിശോധന പൂർണമാക്കി വെള്ളക്കരം ക്രമീകരിക്കണമെന്നും Sc1-5999/23(2)/19.08.24 നമ്പർ പ്രകാരം കത്ത് മുഖേന വാട്ടർ അതോറിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം പരിഹരിക്കുന്നതിൽ ഇടപെടലുകൾ ആവശ്യപ്പെട്ട് തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിക്കും കത്ത് നൽകിയെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിലെ തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-41 പഠന മുറി നിർമ്മാണം - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠന സാഹചര്യം വിപുലപ്പെടുത്തുന്നതിന് തങ്ങളുടെ വീടിനോടുചേർന്ന് അധികമായി ഒരു മുറി നിർമിക്കുന്നതിന് ധനസഹായം അനുവദിക്കുവാൻ ആവിഷ്കരിച്ച പ്രസ്തുത പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം ./പേര് | S033/24- പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി. |
| അടങ്കൽ തുക | ₹600000 (വികസന ഫണ്ട് (എസ്.സി.സിപി) |
| ചെലവ് തുക | 510066 രൂപ (എസ്.സി.പി) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ വിശദാംശങ്ങൾ | ബിൽ നം- 7/15.11.23 -90000 രൂപ<br>ബിൽ നം- 9/28.11.23 -120000 രൂപ<br>ബിൽ നം- 15/12.02.24 -60000 രൂപ<br>ബിൽ നം- 17/16.02.24 -80000 രൂപ<br>ബിൽ നം- 25/25.03.24 -66 രൂപ<br>ബിൽ നം- 26/26.03.24 -160000 രൂപ |

പ്രോജക്ടിന്റെ ഗുണഭോക്താക്കളായ ശിവരഞ്ജിനി പി.കെ, അദ്വൈത് വിനീഷ്, നയന ഓമനക്കുട്ടൻ എന്നീ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി രക്ഷിതാക്കളായ ശിവപ്രസാദ് പി.കെ, വിനീഷ് ചന്ദ്രൻ , സി.റ്റി ഓമനക്കുട്ടൻ എന്നിവർക്ക് പരാമർശിത പദ്ധതി പ്രകാരം 510066/- രൂപ

കൈമാറിയിട്ടുണ്ട്. വിനീഷ് ചന്ദ്രന് 170066/- രൂപയും (ഒന്നാം ഗഡു- 30000 + രണ്ടാം ഗഡു- 60000 രൂപ + മൂന്നാം ഗഡു- 80000 രൂപ+ നാലാം ഗഡു- 66 രൂപ) മറ്റുള്ളവർക്ക് 170000/- രൂപ വീതവും (ഒന്നാം ഗഡു- 30000 + രണ്ടാം ഗഡു- 60000 രൂപ + മൂന്നാം ഗഡു- 80000 രൂപ) നൽകിയിട്ടുണ്ട്. ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1) പഠന മുറി- നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.**

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2022-ലെ ജി.ഒ (എംഎസ്) നം 115/2022 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചത്) പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന ഒരു ഗുണഭോക്താവിന് പഠന മുറി നിർമ്മാണത്തിനായി 200000 രൂപ വരെ അനുവദിക്കാവുന്നതാണ്. പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം ലഭിച്ച 3 ഗുണഭോക്താക്കളും പഠന മുറി പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

**2) മൂല്യനിർണയ സാക്ഷ്യപത്രം കൂടാതെ ധന സഹായം അനുവദിച്ചു**

പ്രസ്തുത മാർഗ്ഗരേഖയുടെ ഖ 7.2.13 പ്രകാരം പഠന മുറി നിർമ്മാണത്തിനായി ഒരു ഗുണഭോക്താവിന് മുൻകൂറായി 50000/- രൂപയും തുടർന്ന് ബന്ധപ്പെട്ട അസി.എഞ്ചിനീയറുടെ മൂല്യനിർണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 75000/- രൂപയുടെ രണ്ട് ഗഡുക്കളും അനുവദിക്കാവുന്നതാണ്. ഇതിന് ഭേദഗതി വരുത്തി മുൻകൂർ തുക ₹30000/-ആയി പരിമിതപ്പെടുത്തുകയും ശേഷിക്കുന്ന തുക മൂന്നു ഗഡുക്കളായി (60000 + 80000 + 30000) മൂല്യനിർണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുവാനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 21.09.2023-ലെ ജി.ഒ(ആർടി) 1877/2023 നമ്പർ ഉത്തരവു പ്രകാരം സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ അസി. എഞ്ചിനീയറുടെ വാല്യുവേഷൻ ഇല്ലാതെയാണ് ധനസഹായം നൽകിയിട്ടുള്ളതെന്ന് കാണുന്നു.

പരാമർശിത അപാതകകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/26.10.2024) സമർപ്പിച്ച മറുപടിയിൽ, ഗുണഭോക്താക്കൾക്ക് അവസാന ഗഡു നൽകിയിട്ടില്ലയെന്നും 2024-25 സാമ്പത്തിക വർഷം പദ്ധതി സ്പിൽ ഓവർ ആയി തുടരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പരാമർശിത ഗുണഭോക്താക്കളുടെ പഠന മുറി നിർമ്മാണം പൂർത്തിയാക്കി വിവരമറിയിക്കേണ്ടതാണ്.

**1-42 സിവിൽ മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു**

കുരോപ്പട ഗ്രാമപഞ്ചായത്ത് മുൻകൂറായി വിവിധ ഇനങ്ങളിൽ അനുവദിച്ച തുകകൾ നാളിതുവരെ ക്രമീകരിക്കാതെ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1.കർഷകദിനാഘോഷം( മുൻകൂർ)**

2023-ലെ **കർഷകദിനാഘോഷം** നടത്തിപ്പിനുവേണ്ടി കൃഷി ഓഫീസർക്ക് 30000/-രൂപ സാംഖ്യ സമ്പ്രദായത്തിൽ അക്കൗണ്ടിംഗ് നടന്നിരുന്ന കാലയളവിൽ (ILGMS-നുമുൻപ്) തനത് ഫണ്ടിൽ നിന്നും മുൻകൂർ അനുവദിച്ചതിന്റെ വിവരം ധനകാര്യപത്രികയുടെ ബി-18 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വോല്യം -1 അനുച്ഛേദനം 99, ധനകാര്യ വകുപ്പിന്റെ 04.10.2011-ലെ ജിഒ(പി) നമ്പർ 419/2011 നമ്പർ ഉത്തരവ് എന്നിവ അനുസരിച്ച് സിവിൽ മുൻകൂറുകളായി നൽകുന്ന തുകകൾ മൂന്ന് മാസത്തിനകം തിരികെ ക്രമീകരിക്കേണ്ടതാണ്. മുൻകൂർ അനുവദിച്ച് വർഷങ്ങൾക്കു ശേഷവും ചെലവു രേഖകൾ സഹിതം തുക ക്രമീകരിക്കാത്ത നടപടി അംഗീകരിക്കാവുന്നതല്ല. പ്രസ്തുത തുക യഥാവിധി ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ ചെക്ക് നം (KSCB- 35839/25-08-23)പ്രകാരം 2023 കർഷക ദിനാഘോഷത്തിനായി കൃഷി ഓഫീസർക്ക് നൽകിയ അഡ്വാൻസ് 1000/- രൂപയും ക്രമീകരിച്ചിട്ടില്ല. ആയത് ക്രമീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 4/26.10.24 ന് മറുപടി നൽകി. തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

**2.ഫെസ്റ്റിവൽ അഡ്വാൻസ്**

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 അനുച്ഛേദനം 250(3) അനുസരിച്ച് ഓണം മുൻകൂറായി അനുവദിച്ച തുക അഞ്ചു തുല്യ മാസ ഗഡുക്കളായി തിരികെ ഈടാക്കേണ്ടതാണ്. എന്നാൽ കുരോപ്പട ഗ്രാമപഞ്ചായത്ത് 2022-23 സാമ്പത്തിക വർഷം സീനിയർ ക്ലാർക്ക് ശ്രീമതി കെ.ബിന്ദുവിന് ഓണം മുൻകൂർ ഇനത്തിൽ അനുവദിച്ച 20000/-രൂപയിൽ 8000/- തിരികെ ക്രമീകരിച്ചിട്ടില്ല. പ്രസ്തുത ജീവനക്കാരിക്ക് അനുവദിച്ച മുൻകൂർ പലിശ സഹിതം അടിയന്തിരമായി ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**3.ഹെൽപ്പ് ഡെസ്ക് ഒരുക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച മുൻകൂർ**

ഗ്രാമപഞ്ചായത്ത് ഹെൽപ്പ് ഡെസ്ക് ഒരുക്കൽ പ്രോജക്ടിന് ആകെ ചെലവായ 49000/- രൂപയിൽ 44000/- രൂപ പ്രോജക്ട് പ്രകാരം ചെലവഴിച്ചു. (ചെക്ക് നം SBI E-payment - 329373/05-07-23). വികസനഫണ്ടിൽ തുകയൊന്നും ശേഷിക്കാതിരുന്നതിനാൽ ബാക്കി 5000 രൂപ തനത് ഫണ്ടിൽ നിന്നും മുൻകൂറായി ചെലവഴിച്ചു. അസി.സെക്രട്ടറിയുടെ 01/07/23-ലെ ശുപാർശ പ്രകാരം പ്രസ്തുത തുക ഹെൽപ് ഡെസ്ക് കൈകാര്യം ചെയ്യുന്ന വ്യക്തികളിൽനിന്നാണ് ഈടാക്കി ക്രമീകരിക്കേണ്ടത്. എന്നാൽ നാളിതുവരെ തുക ക്രമീകരിക്കാതെ ധനകാര്യപത്രികയുടെ ബി-18 പത്രികയിൽ നിലനിർത്തിയിട്ടുണ്ട്. പ്രസ്തുത മുൻകൂർ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-43 പഞ്ചായത്ത് ഹെൽപ്പ് ഡെസ്ക് പദ്ധതി- അപാകതകൾ**

| | |
|---|---|
| പ്രോജക്ട് നം ./പേര് | SO26/24- പഞ്ചായത്ത് ഹെൽപ്പ് ഡെസ്ക് |
| അടങ്കൽ തുക | ₹200000/-(വികസന ഫണ്ട്- പൊതു വിഭാഗം) |
| ചെലവ് തുക | 114603 /-രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമപഞ്ചായത്ത് ഓഫീസിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കിലേക്ക് 2 കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രീസ് എന്റർപ്രൈസ് ലിമിറ്റഡ് കോടിമത ശാഖയ്ക്ക് ബിൽ നം-20/26.03.24 പ്രകാരം 99600/- രൂപ പരാമർശിത പ്രോജക്ടിലൂടെ കൈമാറിയിട്ടുണ്ട്. (പ്രോജക്ട് ചെലവിലെ ശേഷിക്കുന്ന തുക നെറ്റ് വർക്കിംഗിനുവേണ്ടി വിനിയോഗിച്ചിട്ടുള്ളതാണ്.) വിതരണ ഏജൻസി 25.03.24-ലെ KTMBC/065/23-24 നമ്പർ ടാക്സ് ഇൻവോയിസ് (99600 രൂപ) പ്രകാരം രണ്ട് വീതം പ്രോസസറുകളും (Dell Vostro 3710, ₹78200) മോണിറ്ററുകളും (Dell D2020HDMI, ₹21400) ലഭ്യമാക്കിയതായി കാണുന്നു. എന്നാൽ ഹെൽപ്പ് ഡെസ്കിൽ നടത്തിയ പരിശോധനയിൽ പ്രസ്തുത കമ്പ്യൂട്ടറുകൾ സ്ഥാപിച്ചിട്ടില്ലായെന്ന് വ്യക്തമായിട്ടുണ്ട്. (നിലവിൽ ഹെൽപ്പ് ഡെസ്കിൽ HP കമ്പനിയുടെ ഒരു കമ്പ്യൂട്ടർ മാത്രമാണ് ഉപയോഗിക്കുന്നത്). പദ്ധതിയ്ക്കായി വാങ്ങിയ കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/തീ.28.10.24) വാങ്ങിയ രണ്ട് കമ്പ്യൂട്ടറുകളിൽ ഒരെണ്ണം ആയുർവേദ ആശുപത്രിക്ക് കൈമാറിയിട്ടുണ്ടെന്നും ഒരെണ്ണം പഞ്ചായത്തിൽ പുതിയതായി നിയമിച്ച ഹെൽത്ത് ഇൻസ്പെക്ടർക്ക് കൈമാറുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഹെൽത്ത് ഇൻസ്പെക്ടർക്ക് കൈമാറാൻ ഉദ്ദേശിച്ച കമ്പ്യൂട്ടർ നാളിതു വരെ ഇൻസ്റ്റാൾ ചെയ്ത് പ്രർത്തന ക്ഷമമാക്കിയിട്ടില്ലായെന്ന് പരിശോധനയിൽ ബോധ്യമായി. കമ്പ്യൂട്ടർ ഇൻസ്റ്റാൾ ചെയ്യാൻ വൈകുന്നത് വാറണ്ടി നഷ്ടപ്പെടുത്തുന്നതിന് ഇടയാക്കുമെന്നതിനാൽ 49800/- രൂപയുടെ ചെലവ് (ഒരു കമ്പ്യൂട്ടർ വാങ്ങിയ തുക) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത കമ്പ്യൂട്ടർ ഇൻസ്റ്റാൾ ചെയ്ത് വിവരമറിയിക്കേണ്ടതാണ്.

### 1-44 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്- ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകിയത് സാധൂകരിച്ചിട്ടില്ല

പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S0265/24- പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹470000/-( വികസന ഫണ്ട് എസ്.സി.പി) |
| ചെലവ് | 325000 (എസ്.സി. പി) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പ്രസ്തുത പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ എസ്.സി വിഭാഗത്തിൽപെടുന്ന 15 വിദ്യാർത്ഥികളുടെ തുടർവിദ്യാഭ്യാസത്തിന് ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ 6 വിദ്യാർത്ഥികൾ ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലയെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേര് | തുക (രൂപ) | ബിൽ വിശദാംശങ്ങൾ |
|---|---|---|---|
| 1 | മേഘ മോൾ സജീവ് | 15000 | ബിൽ നം 16/14.02.24- 55000 രൂപ |
| 2 | ശ്രീലക്ഷ്മി മോഹൻ | 20000 | |
| 3 | അദ്വൈത് കൃഷ്ണ | 20000 | |
| 4 | സ്നേഹ മോൾ | 20000 | ബിൽ നം 16/14.02.24- 70000 രൂപ |
| 5 | വിദ്യ ജെ | 30000 | |
| 6 | വിജയ ലക്ഷ്മി | 20000 | |
| | ആകെ | 125000 | |

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത പ്രസ്തുത വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിക്കാമെങ്കിലും അതിന് പ്രാഥമികമായി ഭരണസമിതിയുടെയും തുടർന്ന് ഏറ്റവും അടുത്ത ഗ്രാമസഭയിൽ പട്ടിക അവതരിപ്പിച്ച് അംഗീകാരവും വാങ്ങണമെന്നാണ് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖയുടെ ( തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2022-ലെ ജി.ഒ(എംഎസ്) 115/2022 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചത്) ഖണ്ഡിക 2.13-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത വ്യവസ്ഥ പാലിച്ചതായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/26.10.24) സമർപ്പിച്ച മറുപടിയിൽ, 2024 ജൂലൈ മാസം സംഘടിപ്പിച്ച ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ടെന്ന് മറുപടി നൽകിയെങ്കിലും ആയത് സാധൂകരിക്കുന്ന ഗ്രാമസഭാ തീരുമാനങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമ സഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

### 1-45 താറുമാറായ ഗ്രാമീണ റോഡുകൾ പൂർവസ്ഥിതിയിലാക്കാൻ നടപടികളായില്ല

ഭാരതത്തിലെ എല്ലാ ഭവനങ്ങളിലും ശുദ്ധജലമെത്തിക്കുന്ന കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ ജൽജീവൻമിഷൻ കുരോപ്പട ഗ്രാമപഞ്ചായത്തിലും ആവിഷ്കരിച്ചിരുന്നു. പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള നോഡൽ ഏജൻസി കേരള ജല അതോറിറ്റിയാണ്. ജല അതോറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഗ്രാമീണ റോഡുകളുടെ വശങ്ങൾ കുഴിച്ചത് നാളുകൾക്കു ശേഷവും കരാറനുസരിച്ച് പൂർവസ്ഥിതിയിലാക്കിയിട്ടില്ല. തന്മൂലം

റോഡുകൾ പൂർണമായും സഞ്ചാരയോഗ്യമല്ലാതായിത്തീർന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വാർഷികപദ്ധതിയുടെ ഭാഗമായി പ്രസ്തുത റോഡുകളുടെ വിവിധ റീച്ചുകൾ നവീകരിക്കുന്നതിന് പ്രോജക്ടുകൾ ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിലും ജല അതോറിറ്റി കരാർ വ്യവസ്ഥ പാലിക്കാത്തതിനാൽ അവ നടപ്പാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഗ്രാമപഞ്ചായത്ത് പ്രസ്തുത വിഷയം പല യോഗങ്ങളിലും പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി തീരുമാനമെടുത്തിരുന്നതാണ് ( ഉദാ. 4(1) /തീ. 22.12.2023, 10(10)/ തീ.05.02.2024 നമ്പർ തീരുമാനങ്ങൾ) പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനൊപ്പം തകരാറിലായ റോഡ് പൂർവ സ്ഥിതിയിലാക്കുന്നതിനുള്ള പ്രതിഫലം കൂടിയാണ് നോഡൽ ഏജൻസി കേന്ദ്ര സർക്കാരിൽനിന്ന് കൈപ്പറ്റുന്നത് എന്നതിനാൽ ജല അതോറിറ്റിയുടെ ഈ വിഷയത്തിലെ ഉദാസീനതയും കാലതാമസവും അംഗീകരിക്കാവുന്നതല്ല. ആകയാൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കുഴിയെടുക്കേണ്ടി വന്നതു മൂലം തകർന്ന ഗ്രാമീണറോഡുകൾ പൂർവസ്ഥിതിയിലാക്കി ലഭിക്കുന്നതിനാവശ്യമായ തുടർനടപടികൾ ജല അതോറ്റിയുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്. അടിയന്തിര ഇടപെടലുകൾക്കായി വിഷയം ഭരണസമിതിയുടെ സജീവശ്രദ്ധയിൽപ്പെടുത്തുന്നു.

**1-46 വിഷയാധിഷ്ഠിത അവലോകനം - ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ**

കേരള സർക്കാർ നടപ്പാക്കുന്ന ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമായി 2017 ഒക്ടോബർ മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനാ രൂപീകരണം നടന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സംഘടനാ സംവിധാനം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങി പ്രധാനമായും അജൈവ മാലിന്യത്തിന്റെ ശേഖരണം നടത്തുന്നു. ഹരിതകർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച 15/07/2017 ലെ 2420/2017/തസ്വഭവ ഉത്തരവിൽ പറയും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യമുക്തമാക്കുകയെന്നതാണ് ഹരിതകർമ്മസേനയുടെ പ്രഥമലക്ഷ്യം.

കോട്ടയം ജില്ലയിലെ കുരോപ്പട ഗ്രാമ പഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജനമേഖലയിൽ സർക്കാർ നിർദ്ദേശാനുസരണം രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങളും, അവയിലൂടെ അനിവാര്യചുമതലകളുടെ ഭാഗമായും വാർഷിക പദ്ധതികളുടെ ഭാഗമായും മാലിന്യസംസ്കരണം/നിർമ്മാർജ്ജനം ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള വിവിധ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടേയും നേരിട്ടുള്ള പരിശോധനയുടേയും അടിസ്ഥാനത്തിൽ അവലോകനം ചെയ്തതിൽ ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു .

**ഹരിതകർമ്മസേനയെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ**

17 വാർഡുകളിലായി ആകെ സേനാംഗങ്ങളുടെ എണ്ണം 34 ആണ്. നിലവിൽ 32 പേർ സേനയിലുണ്ട്. അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണമാണ് നടപ്പിലാക്കിയിരിക്കുന്നത്. പഞ്ചായത്തിൽ നിലവിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നു വരുന്നുണ്ടെന്ന് ഫയലുകളിൽ നിന്നും പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തിയതിൽ നിന്നും ബോധ്യപ്പെട്ടു. ഹരിത കർമ്മ സേനയുടെ പ്രവർത്തനഫലമായി മികച്ച രീതിയിൽ മാലിന്യ ശേഖരണം നടത്തി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ബോട്ടിൽ ബൂത്തുകൾ, മിനി എംസിഎഫുകൾ എന്നിവിടങ്ങളിലേക്ക് എത്തിക്കുകയും അവിടെ നിന്നും മെയിൻ എംസിഎഫി ൽ എത്തിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. നിലവിൽ 3, 4, 17 വാർഡുകളിൽ നിന്ന് ഏറ്റവും കൂടുതൽ യൂസർ ഫീ ലഭിക്കുന്നു. മിനി എംസിഎഫുകളുടെ സമീപം ജനങ്ങൾ അലക്ഷ്യമായി പ്ലാസ്റ്റിക്ക് പാഴ് വസ്തുക്കളും മറ്റ് മാലിന്യങ്ങളും വലിച്ചെറിയുന്ന അവസ്ഥയുണ്ട്. ഇത് മാലിന്യതരംതിരിക്കലിനായി ഹരിതകർമ്മസേനാംഗങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. ക്ലീൻ കേരളാ കമ്പനി നിലവിൽ

കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുന്നുണ്ട്. ആകയാൽ മാലിന്യങ്ങൾ എം സി എഫിൽ കുന്നുകൂടിക്കിടക്കുന്ന അവസ്ഥയില്ല.

മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ

മാലിന്യ ശേഖരണത്തിനായി മുൻകൂട്ടി കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. പരമാവധി കലണ്ടർ പ്രകാരം കൃത്യമായ ഇടവേളകളിൽ തന്നെ മാലിന്യം ശേഖരിക്കാൻ കഴിയുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളേയും സ്ഥാപനങ്ങളേയും ഹരിതകർമ്മസേനയുടെ പ്രവർത്തനപരിധിയിൽ കൊണ്ട് വരുന്നതിന് ഊർജ്ജിത ശ്രമങ്ങൾ നടന്നു വരുന്നു. എങ്കിലും ചിലയിടങ്ങളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നിസ്സഹകരണം ഉണ്ടാവുന്നുണ്ട്.

മാലിന്യം വേർതിരിക്കൽ

ശേഖരിക്കുന്ന അജൈവമാലിന്യത്തിന്റെ 100% ഉറവിടത്തിൽ തരം തിരിച്ച് സൂക്ഷിക്കുന്നുണ്ട്. മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പാതയോരങ്ങൾ , പൊതു സ്ഥലങ്ങൾ , ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിക്കുന്ന ലെഗസി മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകുന്നു. പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ നിലവിൽ പഞ്ചായത്തിൽ ഇല്ല.

സാമൂഹിക അവബോധം സൃഷ്ടിക്കൽ

മാലിന്യസംസ്കരണ രീതീകളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഹരിതകർമ്മ സേനയുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ മാസവും ഹരിത കർമ്മസേനാംഗങ്ങളുടെ അവലോകന യോഗവും വിളിക്കുന്നുണ്ട്.

തൊഴിൽ സൃഷ്ടിക്കൽ

17 വാർഡുകളിലായി ആകെ ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം 34 ആണ്. ഹരിത കർമ്മ സേന അംഗങ്ങൾക്ക് ഒരു മാസം ശരാശരി 10000 രൂപ വരുമാനം ലഭിക്കുന്നുണ്ട്. ഹരിത കർമ്മ സേനാംഗങ്ങൾക്ക് വേതനത്തിനായി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല.

അടിസ്ഥാന സൗകര്യങ്ങൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉക്കാട്ടൂരുള്ള എസ് സി വനിതാതൊഴിൽ പരിശീലനകേന്ദ്രം കെട്ടിടത്തിലാണ് എം.സി.എഫ് താത്കാലികമായി പ്രവർത്തിക്കുന്നത്. ചാത്തൻപാറയിൽ മെയിൻ എംസിഎഫ് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ കഴിഞ്ഞിട്ടില്ല. കൂടാതെ വെള്ളം ലഭിക്കാനുള്ള സ്രോതസ്സും സജ്ജമാക്കിയിട്ടില്ല. ഹരിത സേനാംഗങ്ങൾക്ക് ഓഫീസ് മുറി , ഓഫീസ് ഫർണ്ണിച്ചർ , വസ്ത്രം മാറുന്നതിനുള്ള മുറി, ശുചിമുറി എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ബെയ് ലിംഗ് മിഷൻ , പ്ലാസ്റ്റിക് സെഗ്രഗേഷൻ മിഷൻ എന്നിവ എം സി എഫിൽ സജ്ജീകരിച്ചിട്ടില്ല. 17 വാർഡുകളുള്ളതിനാൽ വൻതോതിൽ മാലിന്യമെത്തുന്ന എം സി എഫിൽ മാലിന്യതരംതിരിവിനായുള്ള മെഷീൻ സ്ഥാപിക്കുന്നത് അത്യാവശ്യമാണ്. സേനാംഗങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ സജ്ജീകരിക്കേണ്ടത് അടിയന്തിര പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. ഹരിത കർമ്മ സേനയ്ക്കായി പ്രത്യേക വാഹനം പഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. വാഹനം മാലിന്യശേഖരണത്തിനായി നല്ല നിലയിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. ഹരിത മിത്രം ആപ്പ് ഉപയോഗിക്കുന്നതിനും വീടുകളിൽ ക്യൂആർ സ്കോഡ് പതിപ്പിക്കുന്നതിനുമായുള്ള "ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംങ്ങ് സിസ്റ്റം " പദ്ധതിയുമായി ബന്ധപ്പെട്ട് കെൽട്രോണിന്റെ നേതൃത്വത്തിൽ ഹരിത കർമ്മസേനാംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. വീടുകളിൽ ക്യൂആർ കോഡ് പതിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് വരുന്നതേയുള്ളൂ.

പാരിസ്ഥിതിക ആഘാതം

വൻതോതിൽ തരംതിരിക്കാത്ത മാലിന്യങ്ങൾ വഴിവക്കിലേയ്ക്ക് വലിച്ചെറിയുന്ന പ്രവണത നിലനിൽക്കുന്നുണ്ട്. ഇത്തരം നടപടികൾ കർശനമായ നിരീക്ഷണ സംവിധാനത്തിലൂടെ തടയേണ്ടതാണ്.

MCF/RRF (Material Collection Facility/Resource Recovery Facility )

17 വാർഡുകളിലും മിനി എം.സി.എഫു കൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിക്കുന്നതിന് മനുഷ്യപ്രയത്നം മാത്രം പോരായെന്ന് കാണുന്നു. മാലിന്യം തരംതിരിക്കാനായി യന്ത്രസഹായം ആവശ്യമാണ്. വെള്ളം , വൈദ്യുതി സൗകര്യങ്ങൾ മെയിൻ എംസിഎഫിൽ അടിയന്തിരമായി സജ്ജീകരിക്കേണ്ടതുണ്ട്. കൂടാതെ എംസിഎഫിന് നിലവിൽ ചുറ്റുമതിൽ ഇല്ല. ജനങ്ങൾ മാലിന്യം വലിച്ചെറിയുന്നത് തടയാൻ ചുറ്റുമതിൽ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. വെയിംഗ് മെഷീൻ അടിയന്തിരമായി എം സി എഫിൽ സജ്ജമാക്കേണ്ടതാണ്.

മാലിന്യ കൈമാറ്റം

തരം തിരിച്ച് സൂക്ഷിച്ചിരിക്കുന്ന മാലിന്യം കൃതമായ ഇടവേളകളിൽ ക്ലീൻ കേരള കമ്പനി കൊണ്ടു പോകുന്നതിനാൽ മാലിന്യങ്ങൾ എം സി എഫി ൽ കുന്നുകൂടുന്ന അവസ്ഥയില്ല. ക്ലീൻ കേരള കമ്പനി ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവ് കൃത്യമായി രേഖപ്പെടുത്തി വയ്ക്കേണ്ടതും തുക പൂർണ്ണമായും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

ഹരിത കർമ്മസേന നേരിടുന്ന പ്രധാന വെല്ലുവിളികൾ

യൂസർ ഫീ നൽകുന്നതിന് ആരംഭകാലഘട്ടങ്ങളിൽ ജനങ്ങൾക്കും കടയുടമകൾക്കും ബുദ്ധിമുട്ടുണ്ടായിരുന്നുവെങ്കിലും നിലവിൽ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട് . എങ്കിലും ചില വാർഡുകളിൽ വീടുകൾ / സ്ഥാപനങ്ങൾ നിലവിലും കൃത്യമായി യൂസർഫീ നൽകാതെയുണ്ട്. യൂസർഫീ കുറവ് ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാനത്തെയും ബാധിക്കുന്നുണ്ട്. വൻതോതിലുള്ള മാലിന്യതരംതിരിവ് ഹരിതകർമ്മസേനാംഗങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിക്കുന്നതിനായി പ്രത്യേകിച്ചും മഴക്കാലത്ത് വളരെയധികം ബുദ്ധിമുട്ട് നേരിടുന്നു.

നിരീക്ഷണങ്ങൾ

1. തരം തിരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങളിൽ റീസൈക്കിൾ ചെയ്യാൻ കഴിയുന്നവ ശേഖരിച്ച് റീസൈക്ലിംഗ് നടത്തുന്ന സംരംഭം തുടങ്ങുന്നത് മാലിന്യ നിർമ്മാർജ്ജനത്തിനും ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാന വർദ്ധനയ്ക്കും സഹായകരമാകുന്നതാണ്.

2. എം സി എഫിന്റെ വൈദ്യുതീകരണം പൂർത്തീകരിക്കേണ്ടതാണ്.

3. എം സി എഫിൽ സെഗ്രഗേഷൻ മിഷൻ സ്ഥാപിക്കേണ്ടതാണ്.

4.നിത്യോപയോഗ സാധനങ്ങളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് സ്വാപ്പ് ഷോപ്പുകൾ ആരംഭിയ്ക്കുന്നത് ലെഗസിയുടെ അളവ് കുറയ്ക്കാൻ സഹായിക്കും .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

2023-24 ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 23/10/2024, 24/10/2024 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം(Financial Audit Certificate 2023-24) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2023-24 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2024-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

23-24 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 3225070 രൂപയും പാമ്പാടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 3387551 രൂപയും ലഭിച്ചിട്ടുണ്ട്. അവയുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | വിഹിതം നൽകിയ സ്ഥാപനം , ലഭിച്ച തുക ₹ | | ചെലവ് ₹ | |
|---|---|---|---|---|
| | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
| ലൈഫ്- ജനറൽ (110/24) | 1160000 | 1640000 | 1160000 | 1640000 |
| ലൈഫ്-എസ്.സി (111/24) | 440000 | 395000 | 440000 | 395000 |
| ലൈഫ്-ടി.എസ്.പി (112/24) | 15000 | | 15000 | |
| അനുപൂരകപോഷകാഹാര വിതരണ പദ്ധതി (14/24) | 136167 | 318358 | 136167 | 318358 |
| സ്കോളർഷിപ്പ് (ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ) (15/24) | 187200 | 173500 | 187200 | 173500 |
| 2,3,4,7 വാർഡുകളിൽ മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (290/24) | 328293 | | 328293 | |
| വിവിധ വാർഡുകളിൽ മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (236/24) | 510000 | | 510000 | |
| മരത്തണ്ണൂർ ന്യൂയോർക്ക് കോളനി റോഡ് കോൺക്രീറ്റിംഗും സൈഡ് കെട്ടും വാർഡ് | 200000 | | 200000 | |

| | | | | |
|---|---|---|---|---|
| 9(188/24) | | | | |
| പനക്കപ്പറമ്പ് താമരശ്ശേരി റോഡ് റീകോൺക്രീറ്റിംഗ് വാർഡ് 8(152/24) | | 250000 | | 250000 |
| പനക്കപ്പറമ്പ് താമരശ്ശേരി റോഡ് റീടാറിംഗ് വാർഡ് 8(163/24) | | 141868 | | 141868 |
| ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (11/24) | 200000 | 221019 | 200000 | 221019 |
| അതിദരിദ്രർക്ക് ഭക്ഷണകിറ്റ്(227/24) | 63140 | | 63140 | |
| അതിദരിദ്രർക്ക് ഭക്ഷണകിറ്റ്(31/24) | 5953 | | 5953 | |
| സാന്ത്വന പരിചരണ പദ്ധതി | | 85325 | | 85325 |
| ആശ്രമംപടി കൊച്ചപറമ്പ് റോഡ്കോൺക്രീറ്റിംഗ് വാർഡ് 6 | 141798 | | 141798 | |
| ആകെ | 3387551 | 3225070 | 3387551 | 3225070 |

**4-3 നിക്ഷേപ പ്രവൃത്തികൾ**

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു. വിവിധ പ്രോജക്ടുകളിലായി കെ എസ് ഇ ബി യിൽ നിക്ഷേപിച്ച 1322667 രൂപയിൽ 492353 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിലും ഏതെല്ലാം പ്രോജക്ടുകളുടേതാണെന്ന് വ്യക്തത ഇല്ലാത്തതിനാൽ കൃത്യമായ വിവരങ്ങൾ ചേർക്കാൻ സാധിച്ചിട്ടില്ല.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെഎസ്ഇബി | 306/23-24, 7 – ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 29850 | 0 | 29850 |
| കെഎസ്ഇബി | 239/23-24,100% നികുതി പിരിവ് പൂർത്തീകരിച്ച 2 4 5 8 10 12 16 17വാർഡിലേക്ക് | 132594 | 0 | 132594 |

| | | | | |
|---|---|---|---|---|
| | സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് | | | |
| കെഎസ്ഇബി | 232/24, വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 602582 | 0 | 602582 |
| കെഎസ്ഇബി | 241/24, ഒറ്റപ്ലാക്കൽ കൊച്ചുപറമ്പ് റോഡിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | 99970 | | 99970 |
| കെഎസ്ഇബി | 37/24, വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും | 457671 | | 457671 |
| | ആകെ | 1322667 | | 1322667 |
| ഭൂജല വകുപ്പ്(GWD) | 308/23-24,വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണവും അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കലും | 863900 | 0 | 863900 |
| | 122/24, വിവിധ വാർഡുകളിൽ കുഴൽ കിണർ അറ്റകുറ്റപ്പണി | 306493 | | 306493 |
| | 292/24, ചാത്തനാംപതാൽ ജയശ്രീ അങ്കണവാടി മോട്ടോർ സ്ഥാപിക്കൽ അധികതുക നൽകൽ | 144000 | | 144000 |
| | 229/24, ചാത്തനാംപതാൽ ജയശ്രീ | 106000 | | 106000 |

| | | | | |
|---|---|---|---|---|
| | അങ്കണവാടി മോട്ടോർ സ്ഥാപിക്കൽ | | | |
| | 231/24 , പറയരുകുന്ന് എസ് സി കോളനിയിലെ കുടിവെള്ള പൈപ്പ് മാറ്റി സ്ഥാപിക്കൽ | 100000 | | 100000 |
| | ആകെ | 1520393 | | 1520393 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം., തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.യു.ആർ. ഡി.എഫ്.സി. | ജി ഒ(എം.എസ്) 68/2018,18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 4149214 | 1380000 | 17,19,134 | 3810080 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ധനകാര്യപത്രികയനുസരിച്ച് തൻവർഷം ഈയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2014-15 ,2-3,2-4 | 2016-17 അനുബന്ധം 3 | വസ്തു നികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല | തീർപ്പാക്കിയിട്ടില്ല |
| 2014-15 | 2016-17 | തൊഴിൽ നികുതി | തീർപ്പാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| 2-5 | അനുബന്ധം 4, | | |
| 2014-15<br>2-4 | 2016-17<br>അനുബന്ധം 5 | തൊഴിൽ നികുതി | തീർപ്പാക്കിയിട്ടില്ല |
| | 2017-18<br>2-5-4 (ബി) | ഒരേ റോഡിൽ ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും നിർമ്മാണ പ്രവൃത്തികൾ നിർവഹിച്ചു (പുളിമൂട് - നടീപീടിക റോഡ് ) | തീർപ്പാക്കിയിട്ടില്ല |
| 2019-20<br>1-23 | 2020-21<br>അനുബന്ധം 2 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്കുള്ള 7982/- രൂപയുടെ മരുന്നുകൾ ലഭ്യമായില്ല | തീർപ്പാക്കിയിട്ടില്ല |

**4-9 ചാർജ് /സർചാർജ് നടപടികളുടെ ഈടാക്കിയ തുകയുടെ വിവരം.**

തൻവർഷം തുകകളൊന്നും ഈടാക്കിയിട്ടില്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ)<br>റസീപ്റ്റ് & പേയ്മെന്റ് പത്രിക | : | 73383323/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്<br>റസീപ്റ്റ് & പേയ്മെന്റ് പത്രിക | : | 44968896/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം<br>ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം | | 129386979/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്<br>ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം | | 137459859/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2736170/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 67200 | ഡോ. റ്റീന ചിന്നു തോമസ്, മെഡിക്കൽ ഓഫീസർ (P H C) |
| 1-30 | 93293 | ഡോ. റ്റീന ചിന്നു തോമസ്, മെഡിക്കൽ ഓഫീസർ (P H C) |
| 1-35 | 108684 | ശ്രീ. അലക്സ് ജോർജ്ജ്, വി.ഇ.ഒ |
| 1-36 | 1520393 | ശ്രീമതി എസ് സുനിമോൾ, സെക്രട്ടറി |
| 1-37 | 90470 | ശ്രീമതി എസ് സുനിമോൾ, സെക്രട്ടറി |
| 1-38 | 348659 | ശ്രീമതി എസ് സുനിമോൾ, സെക്രട്ടറി |
| 1-39 | 457671 | ശ്രീമതി എസ് സുനിമോൾ, സെക്രട്ടറി |
| 1-43 | 49800 | ശ്രീ സജി പി റ്റി, അസി. സെക്രട്ടറി |
| **ആകെ** | 2736170/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91 & 1991-92 | എൽ.എഫ്.കെ.പി3/85 /95/09.11.1995/ 29.07.1996 | - |
| 2001-02 | കെ.എസ്.എ.- കെ.ടി.എം.പി13/1006(1) 2023/05.07.2023 | 1 |
| 2005-06 | കെ.എസ്.എ.- കെ.ടി.എം.പി13/1006(3) 2023/05.07.2023 | 1 |
| 2006-07 | കെ.എസ്.എ.- കെ.ടി.എം.പി13/1006(4) 2023/05.07.2023 | 1 |

| | | |
|---|---|---|
| 2007-08 | കെ.എസ്.എ.-കെ.ടി.എം.പി13/1006(5) 2023/05.07.2023 | 1 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി13/1006(6) 2023/05.07.2023 | 1 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി13/1006(7) 2023/05.07.2023 | 2 |
| 2010-11 & 2011-12 | കെ.എസ്.എ.-കെ.ടി.എം.പി13/1006(8) 2023/05.07.2023 | |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2022/611(8)/2022/01.08.2022 | 9 |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2022/611(9)/2022/01.08.2022 | 11 |
| 2014-15 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2022/611(10)/2022/01.08.2022 | 10 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി13/1006(9) 2023/05.07.2023 | 8 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി13/1006(13) 2023/05.07.2023 | 9 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി13/1006(14) 2023/05.07.2023 | 7 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി13/ 827(3)/2022/ 16.08.2022 | 18 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി13/ 1047/2021/ 20.07.2022 | 14 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി13/ 1048/2021/ 04.01.2022 | 21 |
| 2021-22 | കെ.എസ്.എ.-കെ.ടി.എം.പി13/ 186/2022/ 15.05.2023 | 23 |
| 2022-23 | കെ.എസ്.എ.-കെ.ടി.എം.പി13/ 2098/2023/ 13.05.24 | 38 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 28-05-2024 and submitted on 24-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Kooroppada Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kooroppada Grama Panchayat as on 31-03-2024

Date: 21/11/2024

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Kooroppada Grama Panchayat for the Year 2023-2024 .

**1.Major Observations**

1. No authentic record is maintained to substantiate panchayat general Fund

2. Capital contribution from the onset of new Accounting Rules is not properly determined.

3. Asset register is not comprehensive and up to date.

4. Timely demand entries are not provided for accrual items of receipt.

5. Figure shown as Work in Progress in Schedule B-11(b) of AFS does not have any relation with current year scenario.

**2.Other Observations**

1. Lapsed deposits are retained in B7 Schedule of AFS.

2. Dues to government already collected long ago are retained in AFS instead of remitting into proper accounts.

3. Figures Shown as Civil Advance to implementing agencies in B18 Schedule are not timely journalised to Capital.

4. No provision is given for bad debts (revenue arrears) in B-15(a) of AFS.

5. Amount recovered as cost of empty barrels from public work bills is accounted as own fund revenue.

6. No supporting document is kept for the figures shown as Write off in I-19 Schedule of AFS.

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കുരോപ്പട ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്